കേരള സർക്കാർ

# ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ ഭരണ റിപ്പോർട്ട് 2003-2004

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ ഷൊറണൂർ ഗവൺമെൻറ് പ്രസ്സിൽ അച്ചടിക്കപ്പെട്ടത്—2005.

# ഇക്കണോമിക്സ് ആന്റ്
# സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ
# ഭരണ റിപ്പോർട്ട്
# 2003 - 2004

©

കേരള സർക്കാർ

2005

കേരള സർക്കാർ

# ആസൂത്രണ സാമ്പത്തിക കാര്യ (ബി) വകുപ്പ്

ജി. ഒ. (ആർ. ററി.) നമ്പർ 476/04/പ്ലാനിംഗ്,

തിരുവനന്തപുരം, തീയതി, 24-12-2004.

സംഗ്രഹം:—ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്—ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 2003-04 വർഷത്തെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന:—ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പ് ഡയറക്ടറുടെ 27-8-2004-ലെ പി. ബി. (1) 15818/04 ഡി. ഇ. എസ്. (ii) നമ്പർ കത്ത്.

ഉത്തരവ്

1. റിപ്പോർട്ട് രേഖപ്പെടുത്തി.

2. റിപ്പോർട്ട് വർഷത്തിൽ 31-5-2003 വരെ ശ്രീ. എ. മീരാസാഹിബും 1-6-2003 മുതൽ ശ്രീ. എം. ആർ. ബാലകൃഷ്ണനും ഡയറക്ടറായിരുന്നു.

3. വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ:

(1) കാർഷിക സ്ഥിതിവിവരക്കണക്കുകൾ:—സംസ്ഥാനത്തെ കാർഷിക സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുള്ള ഇ. എ. ആർ. എ. എസ്. പദ്ധതി കേന്ദ്ര സർക്കാരിൻെറ 50% സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുകയും ആയത് നടന്ന് വരികയും ചെയ്യുന്നു. ഭൂവിനിയോഗം, ഭൂവിസ്തൃതി, കൃഷി ഭൂമിയുടെ വിസ്തീർണ്ണം, കാർഷികോൽപ്പാദനം, കാലിക വിളകൾ, വാർഷിക വിളകൾ, ദീർഘകാലവിളകൾ തുടങ്ങിയവയുടെ ഉൽപ്പാദന നിരക്കും ഈ പദ്ധതിയിലൂടെ സാമ്പിൾ സർവ്വേ നടത്തി ശേഖരിച്ചു വരുന്നു, കൂടാതെ 2003-04 വർഷത്തെ വിരിപ്പു നെല്ലിൻെറയും മുണ്ടകൻ കൃഷിയുടെയും സ്ഥല വിസ്തൃതിയും വിള ഉൽപ്പാദനവും കണക്കാക്കൽ, കാലിക വിളകളുടെ വിള പരീക്ഷണ സർവ്വേ തുടങ്ങിയ ജോലികൾ പൂർത്തീകരിച്ചു. 2003-04 കാർഷിക വർഷത്തെ വിളകളുടെ പ്രവചന റിപ്പോർട്ടുകൾ ശേഖരിച്ച് വിള എസ്ററിമേററ് തയ്യാറാക്കി കേന്ദ്ര സർക്കാരിൻെറ കൃഷി മന്ത്രാലയത്തിന് നൽകുകയും ചെയ്തു.

(2) കാർഷിക സെൻസസ്:—100% കേന്ദ്ര സഹായത്തോടെ അഖിലേന്ത്യാതലത്തിൽ 5 വർഷത്തിലൊരിക്കൽ നടത്തിവരുന്ന ഈ സർവ്വേയുടെ പ്രവർത്തനങ്ങൾ റിപ്പോർട്ട് വർഷത്തിലും തുടർന്നു. കൈവശ ഭൂമിയുടെ വിതരണാടിസ്ഥാനത്തിലുള്ള വിസ്തീർണ്ണത്തെ

സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ഏഴാമത് കാർഷിക സെൻസസിന്റെ പ്രവർത്തനങ്ങൾക്കായി 2003-04 വർഷത്തേക്ക് സംസ്ഥാന ബഡ്ജററിൽ 70 ലക്ഷം രൂപ വകയിരിത്തിയിട്ടുണ്ട്.

(3) കൃഷി ചെലവ് സർവ്വേ:—വികസനോൻമുഖമായ കാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കർഷകർക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില ലഭ്യമാക്കുന്നതിനും പ്രധാന കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില പ്രഖ്യാപിക്കുന്നതിനും വേണ്ടി കൃഷി ചെലവുകളെക്കുറിച്ചുള്ള കൃത്യവും വസ്തുനിഷ്ഠവുമായ വാർഷിക സ്ഥിതിവിവരക്കണക്ക് ലഭ്യമാക്കുക എന്നത് ലക്ഷ്യമാക്കിയുള്ള ഈ സർവ്വേ പ്രകാരം കേരളത്തിലെ പ്രധാന കാർഷികവിളകൾ, ഉപവിളകൾ എന്നിവയുടെ കൃഷിച്ചെലവ് വിവരങ്ങൾ ഓരോ കാർഷിക വർഷത്തിലും ശേഖരിക്കുകയും ആയവയെ വിവിധ തലത്തിൽ വിശകലനം നടത്തി റിപ്പോർട്ടായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

റിപ്പോർട്ട് വർഷത്തിൽ പ്രധാന വിളകളായ നെല്ല് (മൂന്ന് സീസൺ) തെങ്ങ്, മരച്ചീനി, ഏത്തവാഴ, കുരുമുളക് എന്നിവയും ഉപവിളകളായി മഞ്ഞൾ, ഇഞ്ചി എന്നിവയെക്കുറിച്ചും 2001-02 കാർഷിക വർഷത്തിൽ നടത്തിയ കൃഷിച്ചെലവ് സർവ്വെ സംബന്ധിച്ച ടാബുലേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 2002-03 വർഷത്തിൽ നടത്തിയ സർവ്വെയുടെ ടാബുലേഷൻ ജോലികൾ നടന്നുവരുന്നു.

(4) വ്യവസായ സ്ഥിതിവിവരക്കണക്കു വിഭാഗം:—ആസൂത്രണ സാമ്പത്തിക വർഷത്തിൽ സംഘടിത വ്യവസായമേഖല വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ മേഖലയുടെ ഘടനാപരമായ പ്രവർത്തനവും വളർച്ചയും വർഷംതോറും നടത്തുന്ന ഫീൽഡ് സർവ്വെകളിലൂടെയാണ് വിലയിരുത്തപ്പെടുന്നത്. ഇന്ത്യാ ഗവൺമെൻറിന്റെ കീഴിലുള്ള നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷനാണ് വിവിധ രീതിയിൽ ഈ വിലയിരുത്തലിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നത്.

ഇങ്ങനെ ശേഖരിക്കപ്പെടുന്ന കണക്കുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള അവലോകനത്തിനുതകുന്നവിധം വിവിധ സൂചകങ്ങൾ തയ്യാർ ചെയ്യുന്നതിനുവേണ്ടി ക്രോഡീകരിക്കുകയും വ്യവസായ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തുകയും റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ് വ്യവസായ സ്ഥിതിവിവരകണക്കു വിഭാഗത്തിന്റെ മുഖ്യമായ ചുമതല.

(5) സർവ്വെ ആൻറ് ഡിസൈൻ വിഭാഗം:—കേരളത്തിലെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്ററർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരുടെ തൊഴിൽ നിലവാരം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുക ലക്ഷ്യമാക്കിയുള്ള ഈ സർവ്വെ 2003-04 വർഷത്തിൽ വൃദ്ധജന സർവ്വെ, ഹാൻറ്ലൂം സർവ്വെ, ബാലവേല സർവ്വെ, കമ്പ്യൂട്ടർ സ്ഥാപനങ്ങളെക്കുറിച്ചുള്ള സർവ്വെ എന്നിവയുടെ ഫീൽഡ് ജോലികൾ പൂർത്തിയാക്കി.

(6) വ്യാവസായിക ഉൽപ്പാദന സൂചിക:—സംസ്ഥാനത്തെ വ്യവസായ വളർച്ചാനിരക്ക് കാണിക്കുന്നതിനു വ്യാവസായിക ഉൽപ്പാദന സൂചിക സഹായിക്കുന്നു. ത്രൈമാസിക ഉൽപ്പാദനസൂചികകൾ തയ്യാറാക്കി

വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നു. 2001-02 വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 2002-03 വർഷത്തെ റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്.

(7) സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം:—സംസ്ഥാനത്തെ വിവിധ മേഖലകളിലെ വരുമാന നിർണ്ണയത്തിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും അവ ക്രോഡീകരിച്ച് ഈ സംസ്ഥാനത്തിന്റെ വാർഷികവരുമാനം നിർണ്ണയിക്കുകയുമാണ് പ്രധാനമായും ഈ വിഭാഗം ചെയ്യുന്നത്. കൂടാതെ സംസ്ഥാനത്തിന്റെയും സംസ്ഥാനത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഡ്ജററ് സാമ്പത്തികപരമായും തദ്ദേശപരമായും തരംതിരിക്കുന്നു. സംസ്ഥാനത്തെ മൂലധന സ്വരൂപണം, അവയുടെ വിശകലനം എന്നിവ ഈ വിഭാഗത്തിന്റെ ചുമതലയിലാണ് നടക്കുന്നത്.

2001-2002 വർഷത്തേക്കുള്ള സംസ്ഥാന വരുമാനത്തിന്റെ എസ്ററിമേഷൻ ജോലികൾ പൂർത്തിയായി.

(8) പ്രൈസസ് വിഭാഗം:—കാർഷിക വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വില സൂചിക, കാർഷിക ധനസംബന്ധമായ ഇൻഡക്സ് സീരീസ്, വനവിഭവങ്ങളുടെ വില ശേഖരിക്കൽ, മാർക്കററ് ഇൻറലിജൻസ് പദ്ധതി തുടങ്ങിയവയാണ് ഈ വിഭാഗത്തിൽ പ്രധാനമായും നടക്കുന്നത്.

ദിനം പ്രതിയുള്ള 50 അത്യാവശ്യ സാധനങ്ങളുടെയും ആഴ്ച തോറുമുള്ള 20 അത്യാവശ്യ സാധനങ്ങളുടെയും മാസം തോറുമുള്ള വില നിലവാര അവലോകനം (പ്രൈസ് ബുള്ളററിൻ) തയ്യാറാക്കി സർക്കാരിലേക്കും വിവിധ കേന്ദ്ര സംസ്ഥാന ആഫീസുകളിലേക്കും അയച്ചുകൊടുക്കുന്നു.

മാർക്കററ് ഇൻറലിജൻസ് വിഭാഗം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 37 കാർഷിക വിളകളുടെ മൊത്തവില കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 മാർക്കററുകളിൽനിന്നും ശേഖരിച്ച് വിലനിലവാരം അവലോകനം ചെയ്യുന്നുണ്ട്.

(9) ജനസംഖ്യാ പഠന വിഭാഗം:—കേരള സംസ്ഥാനത്ത് ജനന മരണ സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി ഈ വർഷവും തുടർന്നു. സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾ സ്പോട്ട്-ചെക്ക് സർവ്വെ, മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് സർവ്വെ എന്നിവ നടപ്പു വർഷവും തുടർന്നു വരുന്നു.

(10) സിവിൽ രജിസ്ട്രേഷൻ പദ്ധതി:—1969-ലെ ജനന മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലുമുള്ള ജനന മരണ രജിസ്ട്രാർമാർ അവരവരുടെ അധികാര പരിധിയിൽ നടക്കുന്ന ജനന മരണങ്ങൾ രജിസ്ററർ ചെയ്യുന്നു.

പ്രസ്തുത രജിസ്ട്രേഷൻ യൂണിററുകളിൽനിന്നും ഓരോ മാസവും ലഭിക്കുന്ന കണക്കുകൾ ക്രോഡീകരിച്ച് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുന്നു.

2001 കാലയളവിൽ സിവിൽ രജിസ്ട്രേഷനുമായി ബന്ധമുള്ള പ്രയോറിററി ടേബിററസ് തയ്യാറാക്കി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് അയച്ചുകൊടുത്തു. 2001-ലെ വാർഷിക വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2002-ലെ വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ തയ്യാറാക്കുന്നതിൻെറ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(11) സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി:—ജനസംഖ്യാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട 150 സാമ്പിളുകളിലും എന്യൂമറേററർമാർ ജനനങ്ങളും മരണങ്ങളും കൃത്യമായി രജിസ്ററർ ചെയ്യുകയും മാസാന്ത്യ, ത്രൈമാസ റിപ്പോർട്ടുകൾ അയച്ചുതരികയും അവ സംഗ്രഹിച്ച് രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്യുന്നു. നടപ്പു വർഷത്തിൽ 75, 76 എന്നീ രണ്ടു അർദ്ധ വാർഷിക സർവ്വേകൾ നടത്തുകയും 73, 74-ാമതു സർവ്വേയുടെ ഫലം പരിശോധിച്ച് കൃത്യത ഉറപ്പാക്കി രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്തു.

(12) ഭവന നിർമ്മാണവും വേതന ഘടനയും—(എ) ഭവന നിർമ്മാണ സർവ്വേ:—ഭവന നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ചും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതന ഘടനയെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണ രംഗത്തെ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ആസൂത്രണ വിഭാഗത്തിൻെറ പഠനത്തിനായും അയച്ചുകൊടുക്കുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന ജോലി.

കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലനിലവാരവും കെട്ടിട നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജോലിക്കാരുടെ വേതന നിരക്കും ഓരോ ത്രൈമാസത്തിലും ജില്ലാ ആസ്ഥാനങ്ങളിൽനിന്നും ശേഖരിച്ച് ജില്ലാ ആഫീസർ അയച്ചുതരുന്നു. അവ സൂക്ഷ്മ പരിശോധനയ്ക്കു ശേഷം സംഗ്രഹിച്ച് ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചുകൊടുക്കുന്നു. ഇത് 30-6-2003 വരെയുള്ളത് തയ്യാററാക്കിക്കഴിഞ്ഞു.

(ബി) വേതന ഘടന സർവ്വേ:—സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അഞ്ചു വർഷ കാലാവധിയിൽ പൂർത്തീകരിക്കുന്ന ഒരു തുടർ സർവ്വേയാണ് ഇത്. നഗരപ്രദേശങ്ങളിലേയും, ഗ്രാമപ്രദേശങ്ങളിലേയും മൊത്ത ചില്ലറ വിൽപ്പന വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടേയും, കെട്ടിട നിർമ്മാണ മേഖലയിൽ ജോലിചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടേയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവ്വേയുടെ ഉദ്ദേശ്യം. കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലിയെ സംബന്ധിച്ച വിവരങ്ങൾ 2002-2003 വരെയുള്ള പട്ടികകൾ തയ്യാറാക്കിവരുന്നു.

(സി) ദേശീയ സാമ്പിൾ സർവ്വേ:—കേന്ദ്ര സർക്കാരിൻെറ ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ, ഭരണപരമായ ആവശ്യങ്ങൾക്കും ആസൂത്രണത്തിനും വേണ്ടി രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി നടത്തുന്ന സർവ്വെ 2003-2004 വർഷത്തിലും തുടർന്നു.

(13) പ്രസിദ്ധീകരണ വിഭാഗം:—ഈ വകുപ്പു നടത്തുന്ന സർവ്വേകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. സ്ഥിതിവിവരക്കണക്കുകൾ ഉപഭോക്താക്കൾക്കു ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിന്റേതാണ്.

4. ചെലവ്:

റിപ്പോർട്ട് വർഷത്തിൽ പദ്ധതിയിനത്തിൽ ആകെ 880.68 ലക്ഷം രൂപയും പദ്ധതിയേതരയിനത്തിൽ 837.33 ലക്ഷം രൂപയും ചെലവഴിച്ചു. കഴിഞ്ഞ വർഷം ഇത് യഥാക്രമം 804.59 ലക്ഷം രൂപയും 810.22 ലക്ഷം രൂപയും ആയിരുന്നു.

റിപ്പോർട്ട് വർഷത്തിൽ വകുപ്പിന്റെ പ്രവർത്തനം പൊതുവെ തൃപ്തികരമായിരുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

അമൃതകുമാരി, കെ.,

ജോയിൻറ് സെക്രട്ടറി.

# ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ 2003-04-ലെ ഭരണ റിപ്പോർട്ട്

## ആമുഖം

| | | |
|---|---|---|
| വകുപ്പ് മന്ത്രി | .. | ശ്രീ. എ. കെ. ആൻറണി |
| വകുപ്പ് സെക്രട്ടറി | .. | ശ്രീ. എസ്. എം. വിജയാനന്ദ് |
| വകുപ്പ് അദ്ധ്യക്ഷൻ | .. | (1) ശ്രീ. എ. മീരാസാഹിബ് (1-4-2003 മുതൽ 31-5-2003 വരെ) |
| | | (2) ശ്രീ. എം. ആർ. ബാലകൃഷ്ണൻ (1-6-2003 മുതൽ) |
| അഡീഷണൽ ഡയറക്ടർമാർ | .. | (1) ശ്രീ. ഗംഗാധരമുരുകൻ |
| | | (2) ഡോ. എസ്. രാധ (1-4-2003 മുതൽ 31-12-2003 വരെ) |
| | | (3) ശ്രീ. പി. കൊച്ചുനാരായണപിള്ള (1-1-2004 മുതൽ) |
| | | (4) ശ്രീ. പി. സി. ജയിൻ |

കേരളത്തിലെ സ്ഥിതിവിവരക്കണക്കുകളുടെ മുഖ്യ സ്രോതസ്സായ ഈ വകുപ്പ് 1951-ൽ ബോർഡ് ഓഫ് സ്ററാററിസ്ററിക്സ് ആയും 1954-ൽ സ്ററാററിസ്ററിക്സ് ഡിപ്പാർട്ട്മെൻറ് എന്ന പ്രത്യേക വകുപ്പായും രൂപം കൊണ്ടു. തുടർന്ന് 1963-ൽ ബ്യൂറോ ഓഫ് ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് എന്ന പേരിൽ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുന്ന ഒരു മേജർ വകുപ്പായി മാറി. ഇപ്പോൾ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ആയി പ്രവർത്തിച്ചുവരുന്നു.

സാമ്പത്തിക സ്ഥിതി വിവരക്കണക്കുകളെ സംബന്ധിച്ചിടത്തോളം അവയുടെ ശേഖരണം, ക്രമീകരിക്കൽ, അപഗ്രഥനം എന്നീ മേഖലകളിൽ വകുപ്പ് സംസ്ഥാനത്തെ മുഖ്യ ഘടകമായി നിലകൊള്ളുന്നു. സ്ഥിതിവിവര കണക്കുകളെ സംബന്ധിച്ചുള്ള പരാമർശങ്ങൾക്ക് സംസ്ഥാനത്തിലെ മററു വകുപ്പുകളുടെ ഉപദേശ ഘടകമായും സംസ്ഥാന സ്ററാററിസ്ററിക്കൽ അതോറിററി ആയും പ്രവർത്തിക്കുന്നു. കൂടാതെ ഈ വകുപ്പിനെ സ്റേറററ് അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ് അതോറിററി (സാസാ) ആയി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തിൻെറ സാമ്പത്തിക സ്ഥിതി വിവരക്കണക്കുകൾ ആധികാരികമായി വിശകലനം ചെയ്ത് റിപ്പോർട്ടുകൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്കും മററു സാമ്പത്തിക കേന്ദ്രങ്ങൾക്കും അയച്ചു കൊടുക്കുന്നതും ഈ വകുപ്പിൻെറ ചുമതലയിൽപ്പെടുന്നു. തൻമൂലം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ ഈ വകുപ്പ് പ്രധാന പങ്കു വഹിക്കുന്നു.

# വകുപ്പിൻെറ വിവിധ പ്രവർത്തനങ്ങൾ

## 1. കാർഷിക സ്ഥിതി വിവരക്കണക്കുകൾ

**അതാതു കാർഷിക വർഷങ്ങളിലെ സ്ഥിതി വിവരക്കണക്കുകൾ റിപ്പോർട്ടു ചെയ്യുന്നതിനുള്ള സർവ്വേ (ഇ.എ.ആർ.എ.എസ്.)**

2003-04 വർഷത്തിലും മുൻ വർഷത്തിൽ നടന്നുവരുന്നതുപോലെ തന്നെ സംസ്ഥാനത്തെ കാർഷിക സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് വിശകലനം ചെയ്യുന്നതിനുള്ള ഇ.എ.ആർ.എ.എസ്. പദ്ധതി കേന്ദ്ര സർക്കാരിൻെറ 50% സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ആയത് നടന്നുവരുകയും ചെയ്യുന്നു.

ഭൂവിനിയോഗം, ഭൂവിസ്തൃതി, കൃഷിഭൂമിയുടെ വിസ്തീർണ്ണം, കാർഷികോൽപ്പാദനം, മുൻകൂർ വിള തിട്ടപ്പെടുത്തൽ, കാലിക വിളകൾ, വാർഷിക വിളകൾ, ദീർഘകാല വിളകൾ തുടങ്ങിയവയുടെ ഭൂവിസ്തൃതിയും ഉൽപ്പാദന നിരക്കും കൂടാതെ ജലസേചനം, വിവിധയിനം തരിശുഭൂമി, കെട്ടിടങ്ങൾ, വഴികൾ തുടങ്ങിയ ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന ഭൂവിസ്തൃതി തുടങ്ങിയ സുപ്രധാന സ്ഥിതിവിവരങ്ങൾ ഈ പദ്ധതിയിലൂടെ സാമ്പിൾ സർവ്വെ നടത്തി ശേഖരിച്ചു വരുന്നു. വകുപ്പിൻെറ കീഴിൽ ജില്ലാ/താലൂക്ക് ആഫീസുതലങ്ങളിൽ ഫീൽഡ് ജോലികളും, മേൽനോട്ടവും, സംഗ്രഹണവും ഡയറക്ടറേററിലെ ററി.ആർ.എസ്. ഡിവിഷനിൽ സംഗ്രഹ റിപ്പോർട്ടുകൾ തയ്യാറാക്കി പ്രസിദ്ധീകരിച്ചു വരികയും ചെയ്യുന്നു.

1-4-2003 മുതൽ 31-12-2003 വരെ അഡിഷണൽ ഡയറക്ടർ ആയി ഡോ. എസ്. രാധയും 1-1-2004 മുതൽ ശ്രീ. പി. കൊച്ചുനാരായണപിള്ളയും ചാർജ്ജു വഹിച്ചുവരുന്നു. ജോയിൻറ് ഡയറക്ടർ ആയി നടപ്പുവർഷത്തിൽ 30-11-2003 വരെ ശ്രീ. ററി. പി. മുകുന്ദനും അതിനുശേഷം ശ്രീ. എം. സി. കുഞ്ഞുമ്മനും ചുമതല വഹിക്കുന്നു.

സംസ്ഥാനത്തെ 811 സോണുകളായി തിരിച്ച് ഓരോ സോണിലും ഓരോ ഇൻവെസ്ററിഗേററർമാർ ഫീൽഡ് ജോലികൾ നിർവഹിക്കുന്നു.

2003-04 വർഷത്തിൽ ഇ. എ. ആർ. എ. എസ്. സർവ്വേയുടെ പ്രാരംഭമായി ഫീൽഡു ജോലികൾ ചെയ്യുന്ന ജില്ലാ തല ആഫീസർമാർക്ക് ക്വാളിററി ഇംപ്രൂവ്മെൻറ് ട്രെയിനിംഗ് 19-6-2003-ൽ തിരുവനന്തപുരത്തുവച്ച് നടത്തി. തുടർന്ന് ജില്ലാ തലങ്ങളിൽ ഇൻവെസ്ററിഗേററർമാർക്കും സ്ററാററിസ്ററിക്കൽ ഇൻസ്പെക്ടർമാർക്കും സർവ്വെയുടെ പ്രാരംഭ പരിശീലന ക്ലാസ്സുകൾ നടത്തുകയുണ്ടായി.

റിപ്പോർട്ടു വർഷത്തിൽ ജൂലായ് ഒന്നിനു സർവ്വേ ജോലികൾ ആരംഭിച്ചു. 31-12-2003-ൽ സർവ്വെ ജോലികളെ സംബന്ധിച്ച അവലോകനം സംസ്ഥാനതലത്തിൽ നടത്തുകയുണ്ടായി.

(എ) പൂർത്തീകരിച്ച സർവ്വേകൾ:—റിപ്പോർട്ടു വർഷത്തിൽ 2002-03 വർഷത്തെ ഇ. എ. ആർ. എ. എസ്. സർവ്വേ ജോലികൾ പൂർത്തീകരിച്ചു. കൂടാതെ 2003-04 വർഷത്തെ വിരിപ്പ് മുണ്ടകൻ സീസണുകളിലെ ഏരിയാ എന്യൂമറേഷൻ ജോലികൾ പൂർത്തീകരിക്കുകയും കാലിക വിളകളുടെ വിരിപ്പ് സീസണിലെ വിളപരീക്ഷണങ്ങൾ പൂർത്തീകരിക്കുകയും ചെയ്തു. മുണ്ടകൻ സീസണിലെ കാലിക വിളകളുടെ വിളപരീക്ഷണങ്ങൾ ഫെബ്രുവരി മാസാവസാനത്തോടെ പൂർത്തിയാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുണ്ട്. 2003-04 കാർഷിക വർഷത്തെ വിളകളുടെ പ്രവചന റിപ്പോർട്ടുകൾ ശേഖരിച്ച് വിള എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ കൃഷി മന്ത്രാലയത്തിന് നൽകുകയുണ്ടായി.

(ബി) പൂർത്തീകരിച്ച ഡാറ്റാ പ്രോസസിംഗ് ജോലികൾ:— 2002-03 വർഷത്തെ ഏര്യാ എന്യൂമറേഷൻ സർവ്വേയിൽ ശേഖരിച്ച വിവിധ സ്ഥിതി വിവരക്കണക്കുകളുടെ നിർദ്ദിഷ്ട ഫോറങ്ങൾ നിലം, കരഭൂമി എന്നിവ പ്രത്യേകം സംഗ്രഹിച്ച് ബ്ലോക്കടിസ്ഥാനത്തിൽ ക്രോഡീകരിച്ച് തയ്യാറാക്കി ജില്ലാതലത്തിൽ എസ്റ്റിമേറ്റ് ചെയ്ത് സംസ്ഥാനത്തെ പ്രധാന വിളകളുടേയും, ഉപവിളകളുടേയും വിസ്തീർണ്ണവും ഉൽപ്പാദനവും തിട്ടപ്പെടുത്തുന്ന ജോലികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

2002-03 വർഷത്തെ വിള തിട്ടപ്പെടുത്തൽ സർവ്വേയുടെ പൂരിപ്പിച്ച ഷെഡ്യൂളുകൾ സൂക്ഷ്മ പരിശോധന നടത്തി ടാബുലേഷൻ പൂർത്തീകരിക്കുകയും ശരാശരിവിള ഉൽപ്പാദന നിരക്ക് തിട്ടപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ദേശീയ കാർഷിക ഇൻഷ്വറൻസ് പദ്ധതിയുടെ (എൻ.എ.ഐ.എസ്.) നടത്തിപ്പിനുവേണ്ടി ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന്റെ ആവശ്യാനുസരണം 2003-04 വിരിപ്പ് സീസൺ വരെയുള്ള നെല്ലിന്റെ ശരാശരി വിളവുനിരക്ക്, ഇൻഷ്വറൻസ് യൂണിറ്റ് ഏരിയാ അടിസ്ഥാനത്തിൽ കണക്കുകൂട്ടി നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നൽകിയിട്ടുണ്ട്. 2002-03 വർഷത്തിൽ പുതുതായി മരച്ചീനി, ഏത്തവാഴ, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക എന്നീ വിളകളുടേയും വിളനിരക്ക് ജനറൽ ഇൻഷ്വറൻസ് കോർപ്പറേഷന് നൽകുകയുണ്ടായി.

(സി) ഇംപ്രൂവ്മെന്റ് ഓഫ് ക്രോപ്പ് സ്റ്റാറ്റിസ്റ്റിക്സ് സ്കീം:—കേന്ദ്ര സർക്കാരിന്റെ നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനും (ഫീൽഡ് ഓപ്പറേഷൻ ഡിവിഷൻ) ഈ വകുപ്പുംകൂടി സംയുക്തമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. സർവ്വേയിലെ വിവര ശേഖരണത്തിനും സ്ഥിതി വിവരക്കണക്കുകളിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾ പഠിക്കുന്നതിനും വേണ്ടി സ്റ്റാൻഡേർഡ് എറർ കണക്കാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. സംസ്ഥാനത്ത് തിരഞ്ഞെടുത്ത 80 സംസ്ഥാന സാമ്പിളുകളിലും 80 കേന്ദ്ര സാമ്പിളുകളിലും ഏര്യാ എന്യൂമറേഷൻ സർവ്വേ പൂർത്തീകരിച്ചു. റിപ്പോർട്ടു വർഷത്തിൽ കണ്ണൂർ, പാലക്കാട് ജില്ലകളിൽ എൻ. എസ്. എസ്. ഒ.-യും വകുപ്പും ചേർന്ന് 2003-04 വിരിപ്പു സീസണിലെ സാമ്പിൾ ചെക്ക് ഏര്യാ എന്യൂമറേഷനും വിളപരീക്ഷണ ഷെഡ്യൂളുകളും സൂക്ഷ്മപരിശോധന നടത്തി ടാബുലേഷൻ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ഡി) പ്രസിദ്ധീകരിച്ച റിപ്പോർട്ടുകൾ:—

1. അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ്—2001-2002.
2. അഗ്രോ ക്ലൈമാററിക് സോൺവൈസ് അഗ്രികൾച്ചറൽ സ്ററാററിസ്ററിക്സ്—2001-2002.
3. പ്രധാന വിളകളുടെ ഫോർക്കാസ്ററ്—2002-03.
4. 2003-04 വർഷത്തെ വിരിപ്പ് മുണ്ടകൻ സീസണുകളിലെ നെൽകൃഷിയുടെ വിസ്തീർണ്ണ എസ്ററിമേററ്.
5. 2003-04 വർഷത്തെ വിരിപ്പ് സീസണിലെ നെല്ലിന്റെ ഉൽപ്പാദനവും ഉൽപ്പാദന നിരക്കും ഉൽപ്പാദന ക്ഷമതയും.

## 2. കാർഷിക സെൻസസ്

2000-01 സൂചനാ വർഷമായുള്ള ഏഴാമത് കാർഷിക സെൻസസിന്റെ പ്രവർത്തനങ്ങൾ 2003-04 സാമ്പത്തിക വർഷം തുടർന്നു നടത്തുകയുണ്ടായി. 100% കേന്ദ്ര സഹായത്തോടെ നടത്തുന്ന പദ്ധതിയാണ് കാർഷിക സെൻസസ്.

കാർഷിക സെൻസസിന്റെ നടത്തിപ്പിന് വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിനുകീഴിൽ താഴെപ്പറയുന്ന ജീവനക്കാരെ അനുവദിച്ചിട്ടുണ്ട്:

| | | |
|---|---|---|
| ജോയിന്റ് ഡയറക്ടർ | .. | 1 |
| ഡെപ്യൂട്ടി ഡയറക്ടർ | .. | 1 |
| അഡ്മിനിസ്ട്രേററീവ് അസിസ്ററന്റ് | .. | 1 |
| കോൺഫിഡൻഷ്യൽ അസിസ്ററന്റ് | .. | 1 |
| റിസർച്ച് അസിസ്ററന്റ് | .. | 2 |
| എൽ. ഡി. കമ്പയിലർ | .. | 2 |
| എൽ. ഡി. ടൈപ്പിസ്ററ് | .. | 1 |
| പ്യൂൺ | .. | 1 |
| ആകെ | .. | 10 |

കാർഷിക സെൻസസിന്റെ ഭാഗമായി ലിസ്ററിംഗ്, മെയിൻ സെൻസസ്, ഇൻപുട്ട് സർവ്വെ എന്നീ മൂന്നു ഘട്ടം പ്രവർത്തനങ്ങളാണ് നടക്കുന്നത്. ഇതിൽ ആദ്യത്തെ രണ്ടു ഘട്ടങ്ങളിലെ ജോലികൾ പൂർത്തിയായി. റിപ്പോർട്ട് തയ്യാറാക്കുന്നതിലേക്കായി ഡേററാ എൻട്രി പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ ഡിവിഷനിൽ നടന്നുവരുന്നു. മൂന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സെൻസസിന്റെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കൈവശ ഭൂമിയുടെ വിതരണാടിസ്ഥാനത്തിലുള്ള വിസ്തീർണ്ണത്തിന്റെ വിവരങ്ങൾ.
2. കൈവശ ഭൂമിയുടെ വിനിയോഗാടിസ്ഥാനത്തിലുള്ള വിവരങ്ങൾ.
3. കൈവശാനുഭവത്തിന്റെ സ്വഭാവമനുസരിച്ചുള്ള വിവരങ്ങൾ.
4. കാർഷിക വിളകളുടെ വിസ്തീർണ്ണം.
5. വിത്ത്, വളം, കീടനാശിനികൾ, കാർഷികോപകരണങ്ങൾ, കാർഷിക വായ്പകൾ തുടങ്ങിയ കാർഷികോപാധികളുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ.

ഏഴാമത് കാർഷിക സെൻസസിന്റെ പ്രവർത്തനങ്ങൾക്കായി 2003-04 വർഷത്തിലേക്ക് സംസ്ഥാന ബഡ്ജററിൽ 70.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്ര ഗവൺമെൻറിൽ നിന്നും റിലീസ് ചെയ്തു കിട്ടിയ 54 ലക്ഷം രൂപയാണ്.

## 3. കൃഷി ചെലവ് സർവ്വെ

വികസനോൻമുഖമായ കാർഷിക പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കർഷകർക്ക് അവരുടെ കാർഷിക ഉൽപ്പന്നങ്ങൾക്ക് തറവില ലഭ്യമാക്കുന്നതിനും പ്രധാന കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില പ്രഖ്യാപിക്കുന്നതിനുംവേണ്ടി കൃഷിച്ചെലവുകളെക്കുറിച്ചുള്ള കൃത്യവും വസ്തുനിഷ്ഠവുമായ വാർഷിക സ്ഥിതി വിവരക്കണക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാർ ജി. ഒ. (ആർ ററി.) 466/79/ പ്ലാനിംഗ് തീയതി 27-10-1979 നമ്പരായുള്ള കൃഷി ചെലവ് സർവ്വെ അനുവദിച്ചിട്ടുള്ളത്.

ഇതിൻപ്രകാരം കേരളത്തിലെ പ്രധാന കാർഷിക വിളകൾ, ഉപവിളകൾ എന്നിവയുടെ കൃഷിചെലവു വിവരങ്ങൾ ഓരോ കാർഷിക വർഷത്തിലും ശേഖരിക്കുകയും ആയവയെ വിവിധ തലത്തിൽ വിശകലനം നടത്തി റിപ്പോർട്ടായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 38 താലൂക്കുകളിൽ 38 ഇൻവെസ്ററിഗേററർമാർ സർവ്വെ ജോലികളിൽ ഏർപ്പെട്ടിട്ടുണ്ട്. കൂടാതെ ഡയറക്ടറേററിൽ 4 യു. ഡി. കമ്പയിലർമാരും ഒരു എൽ. ഡി. കമ്പയിലറും ഒരു റിസർച്ച് അസിസ്ററൻറും സംസ്ഥാനതല കൺസോളിഡേഷൻ ജോലിയിൽ ഏർപ്പെട്ടിട്ടുണ്ട്. ഡേററാ അനാലസിസ് റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ ജോലികൾ അഡീഷണൽ ഡയറക്ടർ (പ്രൈസസ്), ജോയിൻറ് ഡയറക്ടർ (ടി. ആർ. എസ്.), ഡെപ്യൂട്ടി ഡയറക്ടർ, (ഇവാലുവേഷൻ) എന്നിവരുടെ ചുമതലയിൽ ആണ്.

റിപ്പോർട്ട് വർഷത്തിൽ, പ്രധാന വിളകളായ നെല്ല് (3 സീസൺ), തെങ്ങ്, മരച്ചീനി, ഏത്തവാഴ, കുരുമുളക് എന്നിവയും ഉപവിളകളായി മഞ്ഞൾ, ഇഞ്ചി എന്നിവയെക്കുറിച്ചും 2001-02 കാർഷിക വർഷത്തിൽ നടത്തിയ കൃഷിച്ചെലവ് സർവ്വേ സംബന്ധിച്ച ടാബുലേഷൻ നടത്തി റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. 2002-03 വർഷത്തിൽ നടത്തിയ സർവ്വേയുടെ ടാബുലേഷൻ ജോലികൾ നടന്നുവരുന്നു.

## 4. വ്യവസായ സ്ഥിതിവിവരക്കണക്ക് വിഭാഗം

ആസൂത്രിത സാമ്പത്തിക വർഷത്തിൽ സംഘടിത വ്യവസായ മേഖല വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. ഈ മേഖലയുടെ ഘടനാപരമായ പ്രവർത്തനവും വളർച്ചയും വർഷംതോറും നടത്തുന്ന ഫീൽഡ് സർവ്വേ കളിലൂടെയാണ് വിലയിരുത്തപ്പെടുന്നത്. ഇന്ത്യാ ഗവൺമെൻറിന്റെ കീഴിലുള്ള നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനാണ് വിവിധ രീതിയിൽ ഈ വിലയിരുത്തലിന് ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നത്.

ഇങ്ങനെ ശേഖരിക്കപ്പെടുന്ന കണക്കുകൾ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെക്കുറിച്ചുള്ള അവലോകനത്തിനുതകുന്നവിധം വിവിധ സൂചകങ്ങൾ തയ്യാർ ചെയ്യുന്നതിനുവേണ്ടി ക്രോഡീകരിക്കുകയും വ്യവസായ ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ അപഗ്രഥനം നടത്തുകയും

റിപ്പോർട്ടുകൾ തയ്യാറാക്കുകയുമാണ് വ്യവസായ സ്ഥിതി വിവരക്കണക്കു വിഭാഗത്തിന്റെ മുഖ്യമായ ചുമതല. കൂടാതെ വിവര ശേഖരണത്തിനായി വ്യവസായ മേഖലയിലെ വിവിധ യൂണിററുകളുടെ അടിസ്ഥാന ഫ്രെയിം തയ്യാറാക്കുന്നതിനും പുതുക്കുന്നതിനും വേണ്ടി സംസ്ഥാനത്തിലെ മററു ബന്ധപ്പെട്ട വകുപ്പുകളെ സംയോജിപ്പിക്കുന്ന പ്രവർത്തനങ്ങളും ഈ വിഭാഗം നടത്തുന്നു. സംസ്ഥാന വരുമാനം കണക്കാക്കുന്നതിനായി സർവ്വെയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ ഉപയോഗിക്കുന്നു.

നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷനോടൊപ്പം 2002 ജനുവരി മുതൽ ഇക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പും ഫാക്ടറികളുടെ വാർഷിക വ്യവസായ സർവ്വെയിൽ പങ്കെടുത്തു വരുന്നു. 2002 ജനുവരിയിൽ ആരംഭിച്ച 2000-01-ലെ സർവ്വെ ഫീൽഡ് വർക്ക് പൂർത്തിയായതിന്റെ ടാബുലേഷൻ വർക്കുകൾ അന്തിമ ഘട്ടത്തിലാണ്. 2003 ജനുവരിയിൽ ആരംഭിച്ച 2001-02-ലെ സർവ്വേ ഫീൽഡ് വർക്ക് പൂർത്തിയായി ഡയറക്ടറേററിൽ ലഭിച്ച ഷെഡ്യൂളുകളെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. 2004 ജനുവരിയിൽ ആരംഭിച്ച 2002-2003-ലെ സർവ്വെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഇതിനാവശ്യമായ ഷെഡ്യൂളുകൾ അതാതു ജില്ലകളിൽ എത്തിച്ചിട്ടുണ്ട്.

എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടറേററിലെ സ്ററാഫിന് വാർഷിക വ്യവസായ സ്ഥിതി വിവരകണക്കിന്റെ ഡേററ പ്രോസസിംഗിനാവശ്യമായ കമ്പ്യൂട്ടർ പരിശീലനം നൽകാമെന്ന് കേന്ദ്ര സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻ അറിയിച്ചിട്ടുണ്ട്. ദേശീയ വരുമാനവും സംസ്ഥാന വരുമാനവും കണക്കാക്കുന്നതിനും പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും സർവ്വേയിലൂടെ ശേഖരിക്കുന്ന വിവരങ്ങൾ അത്യന്താപേക്ഷിതമാണ്.

## 5. സർവ്വെ ആൻറ് ഡിസൈൻ വിഭാഗം

പ്രധാനമായി സർവ്വേ നടത്തുന്നതിനു വേണ്ടിയുള്ള ഷെഡ്യൂളുകൾ ഡിസൈൻ ചെയ്യുകയും സർവ്വേയുടെ തുടർ നടപടിക്കു വേണ്ടിയുള്ള ക്രമീകരണം നടത്തുന്നതും ഈ വിഭാഗമാണ്. 2003-04 വർഷത്തിൽ താഴെപ്പറയുന്ന സർവ്വേകൾ ഈ വിഭാഗത്തിന്റെ കീഴിൽ ചെയ്തുവരുന്നു.

(1) <u>പ്രായമായവരേയും വൃദ്ധസദനങ്ങളിലെ അന്തേവാസികളേയും കുറിച്ചുള്ള സർവ്വേ</u>:—2002-03-ൽ ആരംഭിക്കുകയും 2003-04-ൽ പൂർത്തീകരിക്കുകയും ചെയ്തു. കേരളത്തിലെ 20% ഭവനങ്ങളിലും മുഴുവൻ വൃദ്ധസദനങ്ങളിലും സന്ദർശിച്ച് പഠനം നടത്തി. അഭ്യസ്തവിദ്യരായ തൊഴിൽരഹിതരെ ഉപയോഗിച്ചാണ് സർവ്വേ നടത്തിയത്. 14 ജില്ലകളിലും സർവ്വേ പൂർത്തീകരിച്ച് പ്രാഥമിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു. കേരളത്തിൽ 21.61 ലക്ഷം കുടുംബങ്ങളിൽ 60 വയസ്സിനു മുകളിൽ പ്രായമുള്ളവർ ഉണ്ടെന്നും പ്രായമുള്ളവരുടെ എണ്ണം 26.61 ലക്ഷം ആണെന്നും സർവ്വേയിലൂടെ കണ്ടെത്തി.

(2) <u>ഹാൻഡ്‌ലൂം സർവ്വേ</u>:—2002-03-ൽ ആരംഭിച്ച സർവ്വേ തിരുവനന്തപുരം ജില്ലയിലൊഴികെ മററു ജില്ലകളിൽ പൂർത്തീകരിച്ചു.

സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന തറികളുടെയും മുഴുവൻ തൊഴിലാളികളുടെയും വിശദ വിവരങ്ങൾ സർവ്വേയിലൂടെ ശേഖരിച്ചു. ഡേററാ എൻട്രി നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(3) ബാലവേല സർവ്വേ:—കേരളത്തിൽ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്ന 14 വയസിൽ താഴെയുള്ള കുട്ടികളെ സംബന്ധിച്ച് വിശദ പഠനം നടത്തുന്നതിനുള്ള ഈ സർവ്വേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഫാറങ്ങൾ അച്ചടി പൂർത്തിയായി. എന്യൂമറേറർമാർക്കുള്ള പരിശീലനം നടന്നുവരുന്നു. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതരെയാണ് എന്യൂമറേററർമാരായി നിയമിച്ചിട്ടുള്ളത്.

(4) കമ്പ്യൂട്ടർ സ്ഥാപനങ്ങളെക്കുറിച്ചുള്ള സർവ്വേ:—കേരളത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ സ്ഥാപനങ്ങളേയും കമ്പ്യൂട്ടർ സ്ഥാപനങ്ങളേയും കുറിച്ച് വിശദമായ പഠനം നടത്തുന്നു. ഈ സർവ്വേയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ഇൻവെസ്ററിഗേററർമാർക്കുള്ള പരിശീലനം ആരംഭിച്ചു.

(5) പുഷ്പം, പച്ചക്കറി, പച്ചമരുന്ന് കൃഷി സർവ്വേ:—കേരളത്തിൽ പച്ചക്കറി, പുഷ്പം, പച്ചമരുന്ന് കൃഷികളെക്കുറിച്ചും ഇവയുടെ വിപണന സാദ്ധ്യതകളെക്കുറിച്ചും ഉള്ള പഠനമാണ് ഈ സർവ്വേകൊണ്ട് ലക്ഷ്യമിടുന്നത്. ഈ സർവ്വേയുടെ ഫോറങ്ങൾ അച്ചടി പൂർത്തീകരിച്ചു. ഇൻവെസ്ററിഗേററർമാർക്കുള്ള പരിശീലനം നടന്നുവരുന്നു.

(6) പ്രാദേശിക വികസനത്തിനുള്ള അടിസ്ഥാന വിവരങ്ങൾ: പൈലററ് സ്ററഡി:—അധികാര വികേന്ദ്രീകരണത്തിനും പ്രാദേശിക വികസനത്തിനും സഹായകമായ രീതിയിൽ പഞ്ചായത്തുകളിൽ അടിസ്ഥാന വിവരങ്ങൾ ലഭ്യമാക്കുന്നതിനായിട്ടാണ് ഈ സർവ്വേ നടത്തുന്നത്. 6 മാസം നീണ്ടുനിൽക്കുന്ന ഈ മാതൃകാ സർവ്വേ ഇന്ത്യയിൽ കേരളം, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലാണ് നടത്തിയത്. കേരളത്തിൽ സർവ്വേ നടത്തുന്നതിന് കൊല്ലം, പാലക്കാട് ജില്ലകളിലെ രണ്ട് പഞ്ചായത്തുകൾ തെരഞ്ഞെടുത്തു. ജൂലൈ മുതൽ 6 മാസത്തെ വിവരങ്ങളാണ് ശേഖരിച്ചത്. ഡേററാ എൻട്രി ജോലികളും പൂർത്തീകരിച്ചിട്ടുണ്ട്.

## 6. വ്യവസായ ഉൽപ്പാദന സൂചിക വിഭാഗം

(1) വ്യാവസായിക ഉൽപ്പാദന വില സൂചിക:—സംസ്ഥാനത്തെ വ്യവസായ വളർച്ചാ നിരക്ക് കാണിക്കുന്നതിന് വ്യാവസായിക ഉൽപ്പാദന സൂചിക സഹായിക്കുന്നു. 24-7-1975-ലെ കേരള സർക്കാർ ഉത്തരവ് നം. 280/75/പ്ലാനിംഗ് പ്രകാരമാണ് ഈ സൂചിക തയ്യാറാക്കാൻ ആരംഭിച്ചത്. സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനാണ് ഈ സൂചിക തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത്. ത്രൈമാസിക ഉൽപ്പാദന സൂചികകൾ തയ്യാറാക്കി വാർഷിക റിപ്പോർട്ടുകളായി പ്രസിദ്ധീകരിക്കുന്നു. പൊതു സൂചിക 1970-ൽ 100 എന്ന അടിസ്ഥാനത്തിലാണ് 1975-ൽ സൂചിക തയ്യാറാക്കൽ ആരംഭിച്ചത്. 1988-89 മുതൽ 1980-ൽ 100 എന്ന അടിസ്ഥാനത്തിൽ സൂചിക

തയ്യാറാക്കിയിരുന്നു. അടിസ്ഥാന വർഷം 1980-81-ൽ നിന്നും 1993-94 ആയി മാററുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 2001-2002 വരെയുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 2002-2003 വർഷത്തെ റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ തുടർന്നു കൊണ്ടിരിക്കുന്നു.

(2) വ്യാവസായിക ഉൽപ്പാദന മൊത്ത വിലനിലവാര സൂചിക:— വ്യവസായ ഉൽപ്പന്നങ്ങളുടെ മൊത്തവിലയിൽ വന്നിട്ടുള്ള മാററങ്ങൾ മനസ്സിലാക്കുന്നതിന്, ഉൽപ്പന്നങ്ങളുടെ മൊത്തവില ശേഖരിച്ച് വിലനിലവാര സൂചിക തയ്യാറാക്കുന്നു. പ്രതിമാസ വില ശേഖരിച്ച് വാർഷിക ശരാശരി കണക്കാക്കി മൊത്ത വിലനിലവാര സൂചിക തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നു. സംഘടിത അസംഘടിത മേഖലകളിലെ വിലകൾ പ്രത്യേകം ശേഖരിക്കുകയും, സൂചിക തയ്യാറാക്കുകയും ചെയ്യുന്നു.

2001-2002, 2002-2003 എന്നീ വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചു.

2003-2004-ലെ റിപ്പോർട്ട് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

## 7. സംസ്ഥാന വരുമാന നിർണ്ണയ വിഭാഗം

സംസ്ഥാനത്തെ വിവിധ മേഖലകളിലെ വരുമാന നിർണ്ണയത്തിന് ആവശ്യമായ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കുകയും അവ ക്രോഡീകരിച്ച് ഈ സംസ്ഥാനത്തിൻെറ വാർഷിക വരുമാനം നിർണ്ണയി ക്കുകയുമാണ് പ്രധാനമായും ഈ വിഭാഗം ചെയ്യുന്നത്. കൂടാതെ സംസ്ഥാനത്തിൻെറയും, സംസ്ഥാനത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ബഡ്ജററ് സാമ്പത്തികപരമായും തദ്ദേശ പരമായും തരംതിരിക്കുന്നു. സംസ്ഥാനത്തെ മൂലധന സ്വരൂപണം, അവയുടെ വിശകലനം ഈ വിഭാഗത്തിൻെറ ചുമതലയിലാണ് നടക്കുന്നത്.

ഈ വിഭാഗം നിർണ്ണയം ചെയ്യുന്ന സംസ്ഥാന വരുമാനം കേന്ദ്ര സർക്കാരിൻെറ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനുമായി വിശദമായ ചർച്ചയ്ക്ക് ശേഷം വേണ്ടതായ ഭേദഗതികൾ വരുത്തി ആസൂത്രണ ബോർഡിനും മററ് ഏജൻസികൾക്കും നൽകുന്നു. ഇതിൻെറ ഭാഗമായി നടപ്പ് വർഷം 1993-94 അടിസ്ഥാന വർഷമായി കണക്കാക്കി 1993-94 മുതൽ 1997-98 വരെയുള്ള വർഷങ്ങളിലെ കണക്കുകൾ പുനർ നിർണ്ണയം നടത്തുകയും 2000-01-ലെ എസ്ററിമേററുകളും ചേർത്ത് സംസ്ഥാന ആസൂത്രണ വകുപ്പിനും നൽകുകയുമുണ്ടായി.

1980-81 മുതൽ 1995-96 വരെയുള്ള സംസ്ഥാനത്തിൻെറ ആഭ്യന്തര ഉൽപ്പാദന കണക്കുകൾ (1980-81 സീരീസ്) പ്രസിദ്ധീകരിച്ചു.

സംസ്ഥാന ബഡ്ജററ് തരംതിരിവ് നടത്തുന്ന വിഭാഗത്തിൽ 2000-01 വർഷത്തെ വരവു ചെലവു കണക്കുകൾ ആയിരുന്നു ടി വർഷം കൈകാര്യം ചെയ്തിരുന്നത്. ടി കണക്കുകൾ സാമ്പത്തിക പരമായും ഉദ്ദേശപരമായും സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷൻെറ നിർദ്ദേശാനുസരണം തരംതിരിച്ച് ക്രോഡീകരിച്ച് പട്ടിക തയ്യാറാ ക്കുകയുണ്ടായി. കൂടാതെ ടി വിഭാഗത്തിൽ നിന്നും പ്രസിദ്ധീകരിച്ച്

വരുന്ന സംസ്ഥാന ബഡ്ജററിന്റെ സാമ്പത്തികപരവും, ഉദ്ദേശ പരവുമായ തരംതിരിവ് എന്ന പുസ്തകം തയ്യാറാക്കുന്നതിനുള്ള അടിസ്ഥാന പട്ടികകളും തയ്യാറാക്കുകയുണ്ടായി. 1991-92 മുതലുള്ള കണക്കുകൾ ക്രോഡീകരിച്ച് പുസ്തക രൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള പട്ടികകൾ തയ്യാറാക്കി.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 1996-97, 1997-98, 1998-99, 1999-2000 വർഷങ്ങളിലെ സാമ്പത്തികപരമായും ഉദ്ദേശ പരവുമായ തരംതിരിവ് എന്ന പുസ്തകം അടിസ്ഥാനമാക്കി പ്രത്യേകം പട്ടികകൾ തയ്യാറാക്കി 'മൂലധന സ്വരൂപണം' 1989-90, 1990-91 എന്ന പുസ്തകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 1993-94 മുതൽ 1997-98 വരെയുള്ള 'മൂലധന സ്വരൂപണം' പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുണ്ട്.

2001-02 വർഷത്തേക്കുള്ള സംസ്ഥാന വരുമാനത്തിന്റെ എസ്ററിമേഷൻ ജോലികൾ പൂർത്തിയായിരിക്കുന്നു. 2004 മേയ് മാസത്തിൽ സെൻട്രൽ സ്ററാററിസ്ററിക്കൽ ഓർഗനൈസേഷനിൽ ഒത്തുനോക്കി തീർപ്പായതിനുശേഷം എസ്ററിമേററുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

1993-94 മുതൽ 2002-2003 വരെയുള്ള അററ വരുമാനവും (ലക്ഷത്തിൽ) ആളോഹരി വരുമാനവും (രൂപയിൽ) കാണിക്കുന്ന പട്ടിക ഇതിനോടൊപ്പം ചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

| വർഷം | തനതു വർഷ വിലയിൽ | | അടിസ്ഥാനവർഷ വിലയിൽ | |
|---|---|---|---|---|
| | അററ വരുമാനം | ആളോഹരി വരുമാനം | അററ വരുമാനം | ആളോഹരി വരുമാനം |
| (1) | (2) | (3) | (4) | (5) |
| 1993-94 | 2385107 | 7938 | 2385107 | 7938 |
| 1994-95 | 2902236 | 9539 | 2590792 | 8516 |
| 1995-96 | 3533031 | 11469 | 2694747 | 8748 |
| 1996-97 | 4069868 | 13050 | 2802645 | 8987 |
| 1997-98 | 4488347 | 14231 | 2863315 | 9079 |
| 1998-99 | 5106096 | 16029 | 3064366 | 9619 |
| 1999-2000 | 5692604 | 17709 | 3271615 | 10178 |
| 2000-01 | 6371511 | 19951 | 3356516 | 10510 |
| 2001-02 | 7304895 | 22668 | 3490599 | 10832 |
| 2002-03 | 8378201 | 25764 | 3703133 | 11388 |

## 8. പ്രൈസസ് വിഭാഗം

വിവിധ കാർഷിക ഉല്പന്നങ്ങളുടേയും ഉപഭോഗ വസ്തുക്കളുടേയും വിലകൾ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുത്ത മാർക്കററ് സെൻററുകളിൽ നിന്നും ശേഖരിച്ച് ക്രോഡീകരിച്ച് സർക്കാരിനും വിവിധ ഏജൻസികൾക്കും

നൽകിവരുന്നു. കാർഷിക വ്യാവസായിക തൊഴിലാളികൾക്കുള്ള ഉപഭോക്തൃ വിലസൂചിക, കാർഷിക ധനസംബന്ധമായ ഇൻഡക്സ് സീരീസ്, വനവിഭവങ്ങളുടെ വിലശേഖരിക്കൽ, മാർക്കററ് ഇൻറലിജൻസ് പദ്ധതി തുടങ്ങിയവയാണ് ഈ വിഭാഗത്തിൽ പ്രധാനമായും നടക്കുന്നത്.

ദിനംപ്രതി 50 ഇനം അത്യാവശ്യ സാധനങ്ങളുടെ ചില്ലറവില 14 ജില്ലാ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് 31-3-2004 വരെയുള്ള റിപ്പോർട്ട് താഴെ പറയുന്നവർക്ക് അയച്ചു കൊടുത്തു.

1. പ്രൈവററ് സെക്രട്ടറി, കേരള മുഖ്യമന്ത്രി
2. പ്രൈവററ് സെക്രട്ടറി, ഭക്ഷ്യ വകുപ്പുമന്ത്രി
3. സെക്രട്ടറി, പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ്
4. കമ്മീഷണർ, സിവിൽസപ്ലൈസ്, തിരുവനന്തപുരം

20 അത്യാവശ്യസാധനങ്ങളുടെ ചില്ലറവില ആഴ്ചതോറും ശേഖരിച്ച് സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെൻറിന് അയച്ചുകൊടുക്കുന്നു. 31-3-2004 വരെയുള്ളത് അയച്ചുകൊടുത്തു.

ദിനംപ്രതിയുള്ള 50 അത്യാവശ്യ സാധനങ്ങളുടേയും ആഴ്ചതോറുമുള്ള 20 അത്യാവശ്യ സാധനങ്ങളുടേയും മാസംതോറുമുള്ള വിലനിലവാര അവലോകനം (പ്രസ് ബുള്ളററിൻ) തയ്യാറാക്കി താഴെ പറയുന്നവർക്ക് എത്തിച്ചുകൊടുക്കുന്നുണ്ട്:

1. ഗവൺമെൻറ് സെക്രട്ടറി, പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ്, സെക്രട്ടേറിയററ്, തിരുവനന്തപുരം

2. ഗവൺമെൻറ് സെക്രട്ടറി, ഫുഡ് ഡിപ്പാർട്ടുമെൻറ് സെക്രട്ടേറിയററ്, തിരുവനന്തപുരം

3. ഡയറക്ടർ, ഡയറക്ടറേററ് ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്, ബാംഗ്ലൂർ

4. സ്ററാററിസ്ററിക്കൽ ഓഫീസർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, തിരുവനന്തപുരം

5. ചീഫ് പെഴ്സ്പെക്ടീവ് പ്ലാനിംഗ് ഡിവിഷൻ, പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം

6. കമ്മീഷണർ, സ്ററാററിസ്ററിക്സ് ഡിപ്പാർട്ട്മെൻറ്, മദ്രാസ്

7. മാനേജിംഗ് ഡയറക്ടർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൊച്ചി

8. കമ്മീഷണർ, സിവിൽ സപ്ലൈസ്, ഹൈദ്രാബാദ്

9. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ആഫീസ്, എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ്.

കൂടാതെ മററ് നിരവധി ഉപയോക്താക്കൾക്കും ആവശ്യപ്പെടുന്ന മുറയ്ക്ക് അയച്ചുകൊടുക്കാറുണ്ട്. ഡിസംബർ 2003 വരെയുള്ള പ്രസ് ബുള്ളററിൻ അയച്ചുകൊടുത്തിട്ടുണ്ട്. കേരളത്തിലേയും തമിഴ്നാട്ടിലേയും ചില്ലറ വിലയുടെ ദ്വൈവാര താരതമ്യ പഠനം തയ്യാറാക്കി മുഖ്യമന്ത്രിയുടെ ആഫീസിൽ എത്തിച്ചുകൊടുക്കുന്നു. 15-1-2004 വരെയുള്ളത് അയച്ചുകൊടുത്തു. അത്യാവശ്യസാധനങ്ങളുടെ

മാസംതോറുമുള്ള (രണ്ടാം വെള്ളിയാഴ്ച) വില നിലവാരം പ്രൈസ് ട്രെൻഡ്) ഫെബ്രുവരി 2004 വരെ തയ്യാറാക്കി ചുവടെപ്പറയുന്നവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

1. പ്രൈവററ് സെക്രട്ടറി, കേരള മുഖ്യമന്ത്രി
2. പ്രൈവററ് സെക്രട്ടറി, ഭക്ഷ്യവകുപ്പുമന്ത്രി
3. ഗവൺമെൻറ് സെക്രട്ടറി, സിവിൽസപ്ലൈസ് ഡിപ്പാർട്ടുമെൻറ്
4. കമ്മീഷണർ, സിവിൽ സപ്ലൈസ് വകുപ്പ്
5. ഗവൺമെൻറ് സെക്രട്ടറി, പ്ലാനിംഗ് ആൻറ് എക്കണോമിക് അഫയേഴ്സ് വകുപ്പ്
6. അസിസ്ററൻറ് മാനേജർ, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ.

13 അത്യാവശ്യസാധനങ്ങളുടെ ബുധനാഴ്ച തോറുമുള്ള മൊത്തവും ചില്ലറയുമായുള്ള വില ശേഖരിച്ച് സിവിൽസപ്ലൈസ് വകുപ്പിന് അയച്ചു കൊടുക്കുന്നു.

11 അത്യാവശ്യ സാധനങ്ങളുടെ വെള്ളിയാഴ്ചതോറുമുള്ള വില നിലവാരം തയ്യാറാക്കി ചെന്നൈയിലുള്ള എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡയറക്ടർക്ക് അയച്ചു കൊടുക്കുന്നു.

കൃഷി, വ്യവസായ തൊഴിലാളികൾക്ക് വേണ്ടിയുള്ള ഉപഭോക്തൃ വില സൂചിക (ജീവിത നിലവാര സൂചിക) തയ്യാറാക്കുന്നു. റിപ്പോർട്ട് വർഷത്തിൽ ജനുവരി 2004 വരെയുള്ള ജീവിത നിലവാര സൂചിക തയ്യാറാക്കിയിട്ടുണ്ട്. താഴെ പറയുന്ന 17 തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിലെ വിലസൂചിക 1998-99 അടിസ്ഥാനമാക്കിയിട്ടുള്ളത് എല്ലാ മാസവും തയ്യാറാക്കി ഗസററിലും പത്രമാദ്ധ്യമങ്ങളിലും വെബ് സൈററിലും പ്രസിദ്ധീകരണത്തിനു കൊടുക്കുന്നു.

1. തിരുവനന്തപുരം
2. കൊല്ലം
3. പുനലൂർ
4. പത്തനംതിട്ട
5. ആലപ്പുഴ
6. കോട്ടയം
7. മുണ്ടക്കയം
8. മൂന്നാർ
9. എറണാകുളം
10. ചാലക്കുടി
11. തൃശ്ശൂർ
12. പാലക്കാട്
13. മലപ്പുറം
14. കോഴിക്കോട്
15. മേപ്പാടി
16. കണ്ണൂർ
17. കാസർഗോഡ്

17 കാർഷിക വിളകൾക്കുള്ള മൊത്ത വിലനിലവാര സൂചിക, കാർഷിക വേതനത്തിനുള്ള നിലവാര സൂചിക, പാരിററി നിലവാര സൂചിക എന്നിവയും ഇവിടെ തയ്യാറാക്കുന്നു. ഡിസംബർ

2003 വരെയുള്ളത് തയ്യാറാക്കി ഏജൻസികൾക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

വിദഗ്ദ്ധ തൊഴിലാളികൾക്കും കാർഷിക തൊഴിലാളികൾക്കുമുള്ള വേതന വിവര പട്ടിക ഡിസംബർ 2003 വരെ തയ്യാറാക്കി കേരളാ ഗവൺമെൻറ് ഗസററിൽ പ്രസിദ്ധീകരിക്കുന്നതിന് ഗവൺമെൻറ് പ്രസ്സുകളുടെ സൂപ്രണ്ടിന് അയച്ചുകൊടുത്തു. ആയതിൻെറ കോപ്പി കേന്ദ്ര ഭക്ഷ്യ കൃഷി മന്ത്രാലയത്തിലെ എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് അഡൈ്വസർക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

വിവിധ തരത്തിലുള്ള കയറിൻെറ ഓരോ മാസത്തേയും ശരാശരി വില സംസ്ഥാനത്തെ 28 കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് കേരളാ ഗവൺമെൻറ് ഗസററിൽ പ്രസിദ്ധീകരിക്കുന്നതിന് അയക്കുന്നു. റിപ്പോർട്ട് വർഷത്തിൽ ജനുവരി വരെയുള്ള വിലകൾ ഇപ്രകാരം അയച്ചിട്ടുണ്ട്.

നാളികേരത്തിൻെറ കൃഷിയിടത്തെ വില ഡിസംബർ 2003 വരെ താഴെ പറയുന്ന വിലാസത്തിൽ അയച്ചുകൊടുത്തു. ചെയർമാൻ, നാളികേര വികസന ബോർഡ്, കൃഷി മന്ത്രാലയം, ഭാരത സർക്കാർ, കൊച്ചി-11.

കാർഷിക വിളകളുടെ വില കെ. എൽ. ആർ. ആക്ട് പ്രകാരം ഡിസംബർ 2003 വരെ എല്ലാ ജില്ലാ കളക്ടർമാർക്കും അയച്ചു കൊടുത്തിട്ടുണ്ട്.

ഡയററിയുടേയും അനുബന്ധ സാധനങ്ങളുടേയും ചില്ലറവില, ത്രൈമാസാടിസ്ഥാനത്തിൽ എല്ലാ താലൂക്ക് ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് സൂക്ഷ്മ പരിശോധന നടത്തി ആവശ്യമുള്ള സർക്കാർ വകുപ്പുകൾക്ക് അയച്ചു കൊടുക്കുന്നു. 31-3-2004-ൽ അവസാനിക്കുന്ന ഒന്നാം ത്രൈമാസത്തെ വിലകൾ വരെ ഈ സാമ്പത്തിക വർഷം അയച്ചു കൊടുത്തു.

18 ഇനം വന ഉൽപ്പന്നങ്ങളുടെ ഓരോ മാസത്തേയും വില കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നിന്നും ശേഖരിച്ച് തിരുവനന്തപുരം ഫോറസ്ററ് ചീഫ് കൺസർവേറർക്ക് അയച്ചു കൊടുത്തു. 31-12-2003 വരെയുള്ള വിലകൾ ഇപ്രകാരം അയച്ചു കൊടുത്തിട്ടുണ്ട്. 406 ഇനം പച്ച മരുന്നുകളുടെ ചില്ലറ വില വാർഷികാടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നീ കേന്ദ്രങ്ങളിൽ നിന്നും ശേഖരിച്ച് തിരുവനന്തപുരം, തൃപ്പൂണിത്തുറ, കണ്ണൂർ എന്നീ ആയുർവേദ കോളേജുകൾക്ക് അയച്ചു കൊടുക്കുന്നു. 2003-ലെ വില ഇപ്രകാരം അയച്ചു കൊടുത്തിട്ടുണ്ട്.

14 ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും 3 (എ) പട്ടികയുടെ അനുബന്ധമായി അധിക ഇനങ്ങളുടെ ചില്ലറ വില ആഴ്ചതോറും ശേഖരിച്ചു വരുന്നു.

കോട്ടയം, തൃശ്ശൂർ എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ജാതി, ജാതിപത്രി, കറുവപ്പട്ട, ഗ്രാമ്പു എന്നീ സുഗന്ധദ്രവ്യങ്ങളുടെ വിലയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും കൊക്കോയുടെ വിലയും ആഴ്ചതോറും ശേഖരിച്ച് കൊക്കോ, അടയ്ക്ക സുഗന്ധദ്രവ്യ വികസന ഡയറക്ടർക്കും, സ്പൈസസ് ബോർഡിനും അയയ്ക്കുന്നു.

റിപ്പോർട്ടു വർഷത്തിൽ ഡിസംബർ 2003 വരെയുള്ള വിവരങ്ങൾ ഇപ്രകാരം അയച്ചു കൊടുത്തിട്ടുണ്ട്.

ഉപ്പിന്റെ മൊത്തവിലയും ചില്ലറ വിലയും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ നിന്നും ആഴ്ചതോറും ശേഖരിച്ച് ജയ്പൂർ സാൾട്ട് കമ്മീഷണർക്കും മദ്രാസിലെ ഡെപ്യൂട്ടി സാൾട്ട്കമ്മീഷണർക്കും സ്ഥിരമായി അയച്ചു കൊടുക്കുന്നു. ഡിസംബർ 2003 വരെയുള്ള വിവരങ്ങൾ റിപ്പോർട്ടു വർഷത്തിൽ അയച്ചു കൊടുത്തിട്ടുണ്ട്.

കേരളത്തിലെ 61 താലൂക്കുകളിൽ നിന്നും എല്ലാ മാസവും കാർഷിക വിളകളുടെ കൃഷിയിടത്തെ ചില്ലറവില ശേഖരിച്ച് മൂന്നുമാസം കൂടുമ്പോൾ കേരള ഗസററിൽ പ്രസിദ്ധീകരിക്കുന്നതിന് തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ടിന് അയച്ചു കൊടുക്കുന്നു. സെപ്ററംബർ 2003 വരെയുള്ള വിലകൾ അയച്ചു കൊടുത്തിട്ടുണ്ട്.

മാർക്കററ് ഇൻറലിജൻസ് വിഭാഗം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 37 കാർഷിക വിളകളുടെ മൊത്തവില കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട 40 മാർക്കററുകളിൽ നിന്നും ശേഖരിച്ച് എല്ലാ പ്രവൃത്തി ദിവസങ്ങളിലും ആകാശവാണി തിരുവനന്തപുരം, ആലപ്പുഴ, കൊച്ചി, ദേവികുളം, കോഴിക്കോട്, കണ്ണൂർ എന്നീ നിലയങ്ങളിൽക്കൂടി പ്രക്ഷേപണം ചെയ്യുന്നുണ്ട്. ഇവിടെ നിന്നും തയ്യാറാക്കിക്കൊടുക്കുന്ന വിലനിലവാര അവലോകനം എല്ലാ ഞായറാഴ്ചകളിലും ആകാശവാണി നിലയങ്ങൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്. ദിവസേനയുള്ള വിലനിലവാര ബുള്ളററിൻ താഴെ പറയുന്ന ആഫീസുകൾക്ക് അയച്ചു കൊടുത്തു:

1. അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണർ, സെക്രട്ടേറിയററ്, തിരുവനന്തപുരം

2. നാഷണൽ കോ-ഓപ്പറേററീവ് ഫെഡറേഷൻ ഓഫ് ഇന്ത്യാ ലിമിററഡ്, വെസ്ററ്ഹിൽ, കോഴിക്കോട്–673 003

3. സീനിയർ മാർക്കററ് ഇൻറലിജൻസ് ഇൻസ്പെക്ടർ, മാർക്കററ് ഇൻറലിജൻസ് യൂണിററ് (കേരള), തിരുവനന്തപുരം.

4. ഡെപ്യൂട്ടി ഡയറക്ടർ (കൃഷി), കൃഷി ഡയറക്ടറേററ് (അനക്സ്), തിരുവനന്തപുരം.

അരി, ഗോതമ്പ്, പഞ്ചസാര എന്നിവയുടെ ആഴ്ചതോറുമുള്ള മൊത്തവില നവംബർ 2003 വരെ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

നെല്ലിന്റേയും അരിയുടേയും മാസാന്ത്യ മൊത്തവില നവംബർ 2003 വരെ തമിഴ്നാട്ടിലെ സിവിൽ സപ്ലൈസ് കൺസ്യൂമർ പ്രൊട്ടക്ഷൻ ഡിപ്പാർട്ട്മെൻറിന് അയച്ചു കൊടുത്തിട്ടുണ്ട്.

## 9. ജനസംഖ്യാ പഠന വിഭാഗം

1. <u>ജനന-മരണ സ്ഥിതി വിവരക്കണക്ക് ശേഖരിക്കൽ</u>:—കേരള സംസ്ഥാനത്ത് ജനന-മരണ സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ജോലി ഈ വർഷവും തുടർന്നു.

സിവിൽ രജിസ്ട്രേഷൻ സംബന്ധിച്ച ജോലികൾ, സ്പോട്ട് ചെക്ക് സർവ്വെ, മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത് പദ്ധതി എന്നിവയാണ് നടപ്പുവർഷവും തുടർന്നു വരുന്നത്.

2. സിവിൽ രജിസ്ട്രേഷൻ പദ്ധതി:—1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് പഞ്ചായത്തുകളിലും മുനിസിപ്പാലിററികളിലും കോർപ്പറേഷനുകളിലുമുള്ള ജനന-മരണ രജിസ്ട്രാർമാർ അവരവരുടെ അധികാരപരിധിയിൽ നടക്കുന്ന ജനന-മരണങ്ങൾ രജിസ്ററർ ചെയ്യുന്നു. 1, 2, 3, 4, 4എ എന്നീ രജിസ്ട്രേഷൻ ഫാറങ്ങളുടെ ലീഗൽ ഭാഗം ബന്ധപ്പെട്ട രജിസ്ട്രേഷൻ യൂണിററുകളിലും സ്ററാററിസ്ററിക്കൽ ഭാഗം എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ അഡീഷണൽ ഡയറക്ടർ (ജനറൽ) കൂടിയായ അഡീഷണൽ ചീഫ് രജിസ്ട്രാർക്കും അയക്കേണ്ടതാണ്.

പ്രസ്തുത രജിസ്ട്രേഷൻ യൂണിററുകളിൽ നിന്നും ഓരോ മാസവും ജനസംഖ്യാ പഠനവിഭാഗത്തിലേക്ക് അയച്ചുതരുന്ന ജനന മരണ അഡ്വാൻസ് സമ്മറി ഫിഗറുകൾ ക്രോഡീകരിച്ച് രജിസ്ട്രാർ ജനറലിന് അയച്ചു കൊടുക്കുന്നു.

2001 കാലയളവിലെ സിവിൽ രജിസ്ട്രേഷനുമായി ബന്ധമുള്ള പ്രയോററിററി ടേബിൾസ് തയ്യാറാക്കി രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് അയച്ചുകൊടുത്തു. 2001-ലെ വാർഷിക വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2002-ലെ വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ തയ്യാറാക്കുന്നതിൻെറ ജോലി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

3. സ്പോട്ട് ചെക്ക് സർവ്വെ:—പട്ടണ പ്രദേശങ്ങളിലെ ജനന-മരണ കണക്കുകൾ ശേഖരിച്ച് അവിടത്തെ ജനന-മരണ നിരക്കുകൾ കണക്കാക്കുന്നതിനും രജിസ്ട്രേഷനിൽ കുറവ് കണ്ടുപിടിക്കുന്നതിനും വേണ്ടിയാണ് ഈ സർവ്വെ നടത്തുന്നത്. റിപ്പോർട്ട് കാലയളവിൽ കേരളത്തിലെ തെരഞ്ഞെടുത്ത എല്ലാ സ്ഥലങ്ങളിലും ഈ സർവ്വെ നടത്തുകയുണ്ടായി. സർവ്വെയുടെ 2000-ലെ വാർഷിക റിപ്പോർട്ട് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 2001-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

4. മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കോസ് ഓഫ് ഡെത്ത്:—തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, എന്നീ കോർപ്പറേഷനുകളേയും ആലപ്പുഴ മുനിസിപ്പാലിററിയേയും പ്രസ്തുത കാലയളവിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഈ പദ്ധതി നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഹെൽത്ത് ആഫീസറുടെ തസ്തിക തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും ആലപ്പുഴ മുനിസിപ്പാലിററിയിലും പ്രസ്തുത കാലയളവിൽ ഒഴിഞ്ഞു കിടന്നു. കൂടാതെ കൊല്ലം, കൊച്ചി എന്നീ കോർപ്പറേഷനുകളിൽ 2003 ഡിസംബർ മുതൽ ഈ തസ്തികയിൽ ആളില്ലാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. 2000-ലെ വാർഷിക റിപ്പോർട്ട് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു.

5. സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി:—ഭാരത രജിസ്ട്രാർ ജനറലിന്റെ പൊതു നിർദ്ദേശ മാനുവലിന്റെ അടിസ്ഥാനത്തിൽ കൃത്യവും വിശ്വസനീയവുമായ ജനസംഖ്യാ കണക്കുകൾ തയ്യാറാക്കുന്നതിനു വേണ്ടി ഭാരതമൊട്ടാകെ നടപ്പിലാക്കിയിട്ടുള്ള ഒരു പദ്ധതിയാണ് സാമ്പിൾ രജിസ്ട്രേഷൻ പദ്ധതി. കേരളത്തിൽ മൊത്തം 250 സാമ്പിൾ യൂണിററുകളാണ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ ഗ്രാമപ്രദേശങ്ങളിലുള്ള 150 സാമ്പിളുകളിലെ ജോലി നടത്തിപ്പ് സംസ്ഥാന എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പാണ് നടത്തുന്നത്. ഓരോ യൂണിററിലും ശരാശരി 1000 മുതൽ 1500 വരെ ജനസംഖ്യയുണ്ടായിരിക്കും. കൃത്യമായ ജനസംഖ്യാ വർദ്ധന, ആൺ-പെൺതോത്, യഥാർത്ഥ മരണ കാരണം തുടങ്ങിയ മർമ്മപ്രധാനമായ റിപ്പോർട്ടുകൾ തയ്യാറാക്കി വരുന്നു.

ഈ പദ്ധതിയുടെ പ്രവർത്തനത്തിനായി വിവിധ തസ്തികകളിലുള്ള താഴെ പറയുന്നവരെ നിയോഗിച്ചിരിക്കുന്നു.

| തസ്തിക | എണ്ണം | പ്രവർത്തന മണ്ഡലം |
|---|---|---|
| പാർട്ട്ടൈം എന്യൂമറേറർ | 150 | നിർദ്ദേശിക്കപ്പെട്ട സാമ്പിൾ യൂണിററുകളിൽ നിന്നും വിവരശേഖരണം |
| കമ്പ്യൂട്ടർ സൂപ്പർവൈസർമാർ (കമ്പയിലർ) | 17 | ആസ്ഥാനം എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ജില്ലാ ആഫീസുകൾ, യൂണിററുകളിൽ പരിശോധന |
| അഡീഷണൽ ജില്ലാ ആഫീസർ | 14 | ടി |
| കമ്പയിലർ (സാമ്പിൾ രജിസ്ട്രേഷൻ) | 14 | ജില്ലാ ആഫീസുകൾ |
| റീജിയണൽ സ്ററാററിസ്ററിക്കൽ ആഫീസർ | 1 | ഡയറക്ടറുടെ ആഫീസ് |
| റിസർച്ച് അസിസ്ററൻറ് | 1 | ടി |
| യു.ഡി. കമ്പയിലർ | 2 | ടി |
| സീനിയർ കമ്പയിലർ | 1 | ടി |

6. 2003-2004-ലെ പ്രവർത്തനം:—ജനസംഖ്യാടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത 150 സാമ്പിളുകളിലും എന്യൂമറേറർമാർ ഓരോ വീടും സന്ദർശിക്കുകയും ജനനങ്ങളും മരണങ്ങളും ആവശ്യപ്പെട്ടിട്ടുള്ള മററു വിവരങ്ങളും കൃത്യമായി രജിസ്ററർ ചെയ്യുകയും അവ രേഖപ്പെടുത്തിയ മാസാന്ത്യ, ത്രൈമാസ റിപ്പോർട്ടുകൾ ജില്ലാ ആഫീസുകളിൽ നിശ്ചിത സമയത്തിനകത്ത് എത്തിച്ച് ഈ റിപ്പോർട്ടുകൾ സംഗ്രഹിച്ച് രജിസ്ട്രാർ ജനറലിന് നൽകുന്നു. നടപ്പു വർഷത്തിൽ 75, 76 എന്നീ രണ്ട് അർദ്ധ വാർഷിക സർവ്വേകൾ നടത്തുകയും 73,74-ാമതു സർവ്വേയുടെ ഫലം വിവിധ തലങ്ങളിൽ പരിശോധിച്ച് കൃത്യത ഉറപ്പാക്കി രജിസ്ട്രാർ ജനറലിനു അയച്ചു കൊടുത്തു.

കമ്പ്യൂട്ടർ സൂപ്പർവൈസർമാർ/കമ്പയിലർമാർ യഥാർത്ഥ മരണ കാരണം കണ്ടുപിടിക്കൽ എന്ന അനുബന്ധ സർവ്വേകൂടി ഇതോടൊപ്പം നടത്തുന്നതിനാൽ നിശ്ചിത സമയത്തു കൃത്യമായി അർദ്ധവർഷ സർവ്വേകളുടെ പൂർത്തീകരണത്തിന് കാലതാമസം നേരിടുന്നു. 72-ാം അർദ്ധവർഷ സർവ്വേയോടൊപ്പം നടത്തിയ അനുബന്ധ സർവ്വേയുടെ ഫലം രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നിർദ്ദേശിച്ച രീതിയിൽ ഫ്ളോപ്പികൾ തയ്യാറാക്കി അയച്ചു കൊടുത്തു.

75-ാം അർദ്ധവർഷ സർവ്വേ മുതൽ ''വെൽഡർ ഒട്ടോപ്സി'' എന്ന അനുബന്ധ സർവ്വേ കൂടി നടത്തിയിരുന്നു. 75-ാം അർദ്ധവർഷ സർവ്വേയോടൊപ്പം നടത്തിയ പ്രസ്തുത സർവ്വേ ഫോറങ്ങൾ രജിസ്ട്രാർ ജനറലിന്റെ നിർദ്ദേശാനുസരണം തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡോ: ഷേണായിക്കു നൽകിയിരുന്നു. ഇതിന്റെ മററു പ്രവർത്തനങ്ങൾക്കുള്ള ചുമതല അദ്ദേഹത്തിനാണ് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ നൽകിയിട്ടുള്ളത്.

2000-ാം ആണ്ടത്തെ വാർഷിക റിപ്പോർട്ട് അച്ചടിക്കാൻ വൈകിയതിനാൽ അത്യാവശ്യത്തിനുള്ള കോപ്പികൾ മാത്രം പ്രസിദ്ധീകരിച്ചു. 2001-ന്റെ റിപ്പോർട്ട് പ്രസിദ്ധീകരിക്കാനുള്ള തയ്യാറെടുപ്പിലാണ്.

മാസപുരോഗതി റിപ്പോർട്ടും ഫോറം 8-ഉം 12/2003 വരെ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യക്ക് നൽകി.

2001 സെൻസസ് പ്രകാരം പഴയ സാമ്പിളുകളിലെ പ്രവർത്തനം നിർത്തി പുതിയതായി തെരഞ്ഞെടുക്കപ്പെട്ട സാമ്പിളുകളിൽ പ്രവർത്തനം തുടങ്ങുന്നതിന് മുന്നോടിയായി ബേസ്ലൈൻ സർവ്വേ ഫെബ്രുവരി മുതൽ തുടങ്ങിക്കഴിഞ്ഞു.

## 10. ഭവന നിർമ്മാണവും വേതന ഘടന സർവ്വേയും

നഗര പ്രദേശങ്ങളിലെ ഭവന നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച സ്ഥിതി വിവര കണക്കുകൾ ഭവന നിർമ്മാണ സാമഗ്രികളുടെ വില കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വേതന ഘടനയെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്ത് ആവശ്യാനുസരണമുള്ള പട്ടികകൾ തയ്യാറാക്കി ഭവന നിർമ്മാണ രംഗത്തെ ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്കും വേതന ഘടനയെ സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന ആസൂത്രണ വിഭാഗത്തിന്റെ പഠനത്തിനായും അയച്ച് കൊടുക്കുകയാണ് ഈ വിഭാഗത്തിന്റെ പ്രധാന ജോലി. കൂടാതെ ഭവന നിർമ്മാണ ചെലവിന്റെ സൂചികയും തയ്യാറാക്കിയിട്ടുണ്ട്.

(എ) ഭവന നിർമ്മാണം:—ഇന്ത്യാ ഗവൺമെൻറിന്റെ നിയന്ത്രണത്തിലുള്ള ദേശീയ കെട്ടിട നിർമ്മാണ സംഘടനയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്തെ നഗര പ്രദേശങ്ങളിലെ കെട്ടിട നിർമ്മാണത്തിലുള്ള പുരോഗതി അവലോകനം ചെയ്യുന്നതിനുള്ള സ്ഥിതിവിവരക്കണക്കുകൾ പട്ടണ പ്രദേശങ്ങളിൽ നിന്നും ശേഖരിക്കുന്നു.

സംസ്ഥാന പൊതുമരാമത്ത് വകുപ്പിൽ പ്രവർത്തിക്കുന്ന സ്ഥിതി വിവരക്കണക്ക് വിഭാഗം സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന 50,000 രൂപയ്ക്കുമേൽ ചെലവ് വരുന്നതുമായ പണി

പൂർത്തിയായ ഭവന നിർമ്മാണ പ്രോജക്ടുകളെ സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ച് എൻ. ബി. ഒ. നിശ്ചയിച്ചിട്ടുള്ള പ്രൊഫോർമയിൽ ഈ ആഫീസിൽ അയച്ച് തരുന്നു. 2000–01 വരെയുള്ള റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

സ്വകാര്യ വ്യക്തികളെക്കുറിച്ചുള്ള കെട്ടിട നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ 10,000 ജനസംഖ്യയിൽ കൂടുതലുള്ള മുനിസിപ്പാലിററികളിൽ നിന്ന് മുനിസിപ്പൽ ഭരണ വകുപ്പിലെ സ്ഥിതി വിവരക്കണക്ക് വിഭാഗം ശേഖരിച്ച് അയച്ച് തരുന്നു. അപ്രകാരം കിട്ടുന്ന പട്ടികകൾ സൂക്ഷ്മ പരിശോധന നടത്തിയ ശേഷം 2000-01 വരെയുള്ളത് അയച്ച് കൊടുത്തു.

കെട്ടിട നിർമ്മാണ സാധനങ്ങളുടെ വിലനിലവാരവും കെട്ടിട നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ജോലിക്കാരുടെ വേതന നിരക്കും ഓരോ ത്രൈമാസത്തിലും ജില്ലാ ആസ്ഥാനങ്ങളിൽ നിന്നും ശേഖരിച്ച് ജില്ലാ ആഫീസർ അയച്ച് തരുന്നു. അവ സൂക്ഷ്മ പരിശോധനക്കു ശേഷം സംഗ്രഹിച്ച് ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയച്ചു കൊടുക്കുന്നു. ഇത് 30-6-2003 വരെയുള്ളത് തയ്യാറാക്കിക്കഴിഞ്ഞു.

കൂടാതെ കേരളത്തിലെ കെട്ടിട നിർമ്മാണ ചെലവ് സംബന്ധിച്ച തിരുവനന്തപുരം കേന്ദ്രത്തിന്റെ സൂചിക 2002-2003 വരെയുള്ളത് തയ്യാറാക്കി ദേശീയ കെട്ടിട നിർമ്മാണ സംഘടനയ്ക്ക് അയയ്ക്കുകയുണ്ടായി. മററ് ജില്ലാ കേന്ദ്രങ്ങളുടെ സൂചിക തയ്യാറാക്കുവാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വേതന ഘടന സർവ്വെ:—സംസ്ഥാനത്തിലെ എല്ലാ ജില്ലകളിലും വേതന ഘടന സർവ്വെ നടത്തുന്നു. സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അഞ്ചുവർഷ കാലാവധിയിൽ പൂർത്തീകരിക്കുന്ന ഒരു തുടർ സർവ്വേയാണ് ഇത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് 2002-2007 കാലയളവിലെ രണ്ടാം വർഷത്തെ സർവ്വേയാണ്. 1997-2002 കാലയളവിലെ സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരണത്തിന് തയ്യാറാക്കി കഴിഞ്ഞു. നഗര പ്രദേശങ്ങളിലേയും ഗ്രാമ പ്രദേശങ്ങളിലേയും മൊത്ത ചില്ലറ വിൽപ്പന വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെയും കെട്ടിട നിർമ്മാണ മേഖലയിൽ ജോലി ചെയ്യുന്ന വിവിധ വിഭാഗം തൊഴിലാളികളുടേയും വേതന നിരക്കുകൾ ശേഖരിക്കുകയാണ് ഈ സർവ്വേയുടെ ഉദ്ദേശം. സർവ്വെ പ്രകാരം തെരഞ്ഞെടുക്കുന്ന ഓരോ സ്ഥാപനങ്ങളിൽനിന്നും ഓരോ ത്രൈമാസത്തിലും വേതന വിവരങ്ങൾ ശേഖരിച്ച് ജില്ലാ ആഫീസർ അയച്ചു തരുന്നു. അവ സൂക്ഷ്മ പരിശോധന നടത്തി ആവശ്യമായ ത്രൈമാസ പട്ടികകൾ തയ്യാറാക്കി സംസ്ഥാന വരുമാന നിർണ്ണയ വിഭാഗത്തിന്റെയും സംസ്ഥാന ആസൂത്രണ വിഭാഗത്തിന്റെയും ഉപയോഗത്തിനായി കൊടുക്കുന്നു. കെട്ടിട നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലിയെ സംബന്ധിച്ച വിവരങ്ങൾ 2002-2003 വരെയുള്ള പട്ടികകൾ തയ്യാറാക്കിവരുന്നു.

## 11. ലേബർ വിഭാഗം

1948-ലെ ഫാക്ടറി നിയമം, 1936–ലെ വേതനവിതരണ നിയമം, 1961-ലെ പ്രസവാനുകൂല്യ നിയമം എന്നീ നിയമപ്രകാരമുള്ള വിവിധ ആനുകൂല്യങ്ങൾ ഫാക്ടറികളിലും തോട്ടം മേഖലയിലും

നടപ്പാക്കപ്പെടുന്ന രീതിയെ സംബന്ധിച്ച് സ്ഥിതിവിവരക്കണക്കുകൾ ലേബർ ബ്യൂറോയ്ക്ക് അയച്ചുകൊടുക്കുകയാണ് ഈ സെക്ഷൻെറ മുഖ്യമായ ജോലി.

1948-ലെ ഫാക്ടറി നിയമപ്രകാരം രജിസ്ററർ ചെയ്തിട്ടുള്ള ഫാക്ടറികളിൽനിന്നും ലഭിക്കുന്ന വാർഷിക/അർദ്ധവാർഷിക റിട്ടേണുകളും അനുബന്ധമായ മററു വിവരങ്ങളും നിശ്ചിത പ്രൊഫോർമയിൽ ഫാക്ടറീസ് ആൻറ് ബോയിലേഴ്സ് ഡയറക്ടർ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർക്ക് എത്തിച്ചുതരുന്നു. പ്രസ്തുത പ്രൊഫോർമയിൽ ഈ സെക്ഷനിൽ സൂക്ഷ്മ പരിശോധന നടത്തി സംഗ്രഹിച്ച് 1948-ലെ ഫാക്ടറീസ് നിയമപ്രകാരമുള്ള വാർഷിക റിപ്പോർട്ടും അർദ്ധവാർഷിക റിപ്പോർട്ടും തയ്യാറാക്കി ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുക്കുന്നു. പ്രസ്തുത വാർഷിക റിപ്പോർട്ട് 2001 വർഷത്തെ തയ്യാറാക്കിവരുന്നു. 30-6-2001-ലെ അർദ്ധവാർഷിക റിപ്പോർട്ട് ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തു.

പ്രതിമാസം 1,600 രൂപയിൽ താഴെ വരുമാനം ലഭിക്കുന്ന ഫാക്ടറി തൊഴിലാളികളെ സംബന്ധിച്ച് 1931-ലെ വേതന വിതരണ നിയമം അനുസരിച്ചുള്ള വാർഷിക റിപ്പോർട്ട് 2001 വർഷത്തെ തയ്യാറാക്കി വരുന്നു.

1961-ലെ പ്രസവാനുകൂല്യ നിയമമനുസരിച്ചുള്ള വാർഷിക റിപ്പോർട്ട് 2002 വരെയുള്ളത് അയച്ചു. 1936-ലെ വേതന വിതരണ നിയമപ്രകാരം പ്രതിമാസം 1,600 രൂപയിൽ താഴെ വരുമാനമുള്ള തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം സംബന്ധിച്ച വിവരങ്ങൾ ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാൻേറഷൻ കോട്ടയം ഓഫീസിൽനിന്നും ശേഖരിച്ച് 2002 വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് നൽകിയിട്ടുണ്ട്.

ലേബർ ഓഫീസുകളിൽനിന്നും ലഭിക്കുന്ന ഫാക്ടറികളിലും തോട്ടങ്ങളിലും ഉണ്ടായിട്ടുള്ള ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ഒഴികെ ഉള്ള പണിമുടക്ക്, ലോക്കൗട്ട്, ലേ ഓഫ് തുടങ്ങിയവയെ സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് 7/2003 വരെയുള്ളത് ലേബർ ബ്യൂറോയ്ക്ക് അയച്ചു കൊടുത്തു.

കൂടാതെ എക്കണോമിക് റിവ്യൂവിന് ആവശ്യമായ വിവരങ്ങൾ പ്ലാനിംഗ് ബോർഡിനും അയച്ചുകൊടുക്കുന്നു.

## 12. വിലയിരുത്തൽ സർവ്വെ

കൃഷിവകുപ്പിൻെറ കീഴിലുള്ള മണ്ണു സംരക്ഷണ വിഭാഗം നടപ്പിലാക്കിയിട്ടുള്ള മണ്ണു സംരക്ഷണ പദ്ധതികളുടെ വിലയിരുത്തലാണ് ഈ വിഭാഗത്തിൽ നടന്നുവരുന്നത്. വയനാട് ജില്ല ഒഴികെയുള്ള 13 ജില്ലകളിൽ സർവ്വെ നടന്നുവരുന്നു. സർവ്വെ നടത്തി ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് തയ്യാറാക്കി ഓരോ വർഷവും പ്രസിദ്ധീകരിക്കുന്നു. എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പിൻെറ ജില്ലാ ആഫീസുകൾ മുഖേനയാണ് പ്രസ്തുത സർവ്വെ നടത്തിവരുന്നത്.

റിപ്പോർട്ടുവർഷത്തിൽ 2000-2001, 2001-2002 എന്നീ വർഷങ്ങളിൽ നടത്തിയ വിലയിരുത്തൽ പഠനങ്ങളുടെ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തി.

2002-2003 വർഷത്തെ ടാബുലേഷൻ ജോലികൾ ധൃതഗതിയിൽ പുരോഗമിച്ചുവരികയാണ്. 2003-2004 വർഷത്തെ ഫീൽഡ് ജോലികൾ പുരോഗമിച്ചുവരുന്നു. ഫീൽഡ് സർവ്വെ തീർന്ന സാമ്പിളുകളുടെ പൂരിപ്പിച്ച ഷെഡ്യൂളുകൾ ഹെഡ്ഡാഫീസിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. അവയുടെ സ്ക്രൂട്ടണി നടന്നുവരുന്നു.

## 13. ദേശീയ സാമ്പിൾ സർവ്വെ

കേന്ദ്ര സർക്കാരിന്റെ ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ ഭരണപരമായ ആവശ്യങ്ങൾക്കും ആസൂത്രണത്തിനും വേണ്ടി രാജ്യത്തിലെ ജനങ്ങളുടെ സാമൂഹിക സാമ്പത്തിക വിവരങ്ങൾ ശേഖരിക്കുന്നതിനു വേണ്ടി നടത്തുന്ന സർവ്വെ 2003-2004 വർഷത്തിലും തുടരുകയുണ്ടായി. കേരളത്തിലെ തെരഞ്ഞെടുത്ത ഗ്രാമങ്ങളിലും നഗരങ്ങളിലും ദേശീയ സാമ്പിൾ സർവ്വെ ഓർഗനൈസേഷനും എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് വകുപ്പും സാമ്പിൾ സർവ്വെ നടത്തിവരുന്നു.

റിപ്പോർട്ട് വർഷാരംഭത്തിൽ 59-ാം റൗണ്ട് സാമ്പിൾ സർവ്വെയുടെ ഫീൽഡ് ജോലികൾ നടന്നുവരികയായിരുന്നു. 2003 ജനുവരി മുതൽ 2003 ഡിസംബർ വരെയുള്ള വിവരങ്ങൾ ശേഖരിച്ചു. പ്രസ്തുത സർവ്വേയിൽ ശേഖരിച്ച വിവരങ്ങൾ പ്രധാനമായും കർഷകന്റെ കൈവശഭൂമിയും, കന്നുകാലി സമ്പത്തും, നിക്ഷേപവും, കടബാദ്ധ്യതയും, ഗാർഹിക ഉപഭോഗ ചെലവ് എന്നിവയായിരുന്നു. സംസ്ഥാന സാമ്പിളുകളിൽ 300 എണ്ണം ഗ്രാമപ്രദേശങ്ങളിലും 152 എണ്ണം പട്ടണപ്രദേശങ്ങളിലും ആയിരുന്നു. 59-ാം റൗണ്ട് സർവ്വെയുടെ വിവരശേഖരണം 2003 ഡിസംബറിൽ പൂർത്തിയായിട്ടുണ്ട്. ശേഖരിച്ച വിവരങ്ങൾ ജില്ലാതലങ്ങളിൽ സൂക്ഷ്മപരിശോധന നടന്നുവരുന്നു. സൂക്ഷ്മപരിശോധനകൾക്കുശേഷം ഡയറക്ടറേററിലെ കമ്പ്യൂട്ടർ സംവിധാനമുപയോഗിച്ച് അപഗ്രഥിക്കുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുന്നതാണ്.

2003 ഡിസംബർ 29, 30, 31 തീയതികളിലായി 60-ാം റൗണ്ട് സർവ്വെയുമായി ബന്ധപ്പെട്ട സംസ്ഥാനതല പരിശീലന പരിപാടികൾ നടന്നു. 2004 ജനുവരി മുതൽ ജൂൺ വരെയാണ് വിവരങ്ങൾ ശേഖരിക്കേണ്ടത്. 200 ഗ്രാമതല സാമ്പിളുകളും 100 പട്ടണതല സാമ്പിളുകളും സർവ്വേക്കായി ദേശീയ സാമ്പിൾ സർവ്വെ തെരഞ്ഞെടുത്തു തന്നിട്ടുണ്ട്. "രോഗാതുരതയും ആരോഗ്യപാലനവും", "തൊഴിലും തൊഴിലില്ലായ്മയും", ഗാർഹിക ഉപഭോഗ ചെലവ് എന്നിവയാണ് പ്രധാനമായും ഈ സർവ്വെയിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങൾ. സർവ്വെ ജില്ലാതലങ്ങളിൽ ജനുവരി ഒന്നിന് ആരംഭിച്ചു കഴിഞ്ഞു.

റിപ്പോർട്ട് വർഷാരംഭത്തിൽ 53-ാം റൗണ്ട് മുതൽ 56-ാം റൗണ്ട് വരെയുള്ള സർവ്വെകളിൽ ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്ന പ്രവർത്തനങ്ങൾ നടന്നു. 57-ാം റൗണ്ടിലെ വിവരങ്ങൾ പ്രധാനമായും കമ്പ്യൂട്ടറിൽ ആക്കുന്നത് ജില്ലകളിലാണ്. ഈ ജോലി ജില്ലകളിൽ ഏകദേശം അവസാന ഘട്ടത്തിലാണ്. ഈ ജോലി ഏറെറടുക്കാൻ കഴിയാത്ത ജില്ലകളിലെ ഷെഡ്യൂളുകൾ ഡയറക്ടറേററിൽ വരുത്തി

കമ്പ്യൂട്ടറിലാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. 58-ാം റൗണ്ടിന്റെ റിപ്പോർട്ട് കമ്പ്യൂട്ടറിലാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. 54-ാം റൗണ്ടിന്റെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. റിപ്പോർട്ട് വർഷത്തിൽ തന്നെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. 53, 55, 56 റൗണ്ടുകളിൽ ശേഖരിച്ച വിവരങ്ങളുടെ അപഗ്രഥനം പുരോഗമിച്ചുവരുന്നു. എൻ. എസ്. എസ്. വിഭാഗത്തിൽ നിന്നും മാസന്തോറുമുള്ള പുരോഗതി റിപ്പോർട്ടും മററും കൃത്യമായി നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷൻ വിഭാഗത്തിന് റിപ്പോർട്ട് വർഷത്തിലും അയച്ചുകൊടുത്തിട്ടുണ്ട്.

## 14. പ്ലാനിംഗ് വിഭാഗം

സംസ്ഥാനത്തെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിനായി വകുപ്പ് ഏറെറടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കി സർക്കാരിനും പ്ലാനിംഗ് ബോർഡിനും നൽകുന്നു. വകുപ്പിന്റെ പദ്ധതിപ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്ത് പ്രതിമാസ റിപ്പോർട്ട് തയ്യാറാക്കി സംസ്ഥാന സർക്കാരിനും ത്രൈമാസ റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിനും നിശ്ചിത സമയ പരിധിക്കുള്ളിൽ അയച്ചുകൊടുക്കുന്നു. ബജററ് വിഹിതത്തിനേക്കാൾ വകുപ്പ് അധികരിച്ചു ചെലവാക്കുന്ന തുക റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ഈ വിഭാഗം നിർവഹിക്കുന്നു. കൂടാതെ വിഷയ നിർണ്ണയ സമിതിക്കു വേണ്ടി നോട്ടും ഈ വിഭാഗത്തിൽ തയ്യാറാക്കുന്നു.

ഈ വകുപ്പിലെ ജീവനക്കാർക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനുവേണ്ടി ഐ. ഐ. പി. സി., സി. എസ്. ഒ. (ഡൽഹി) എൻ. ഐ. ആർ. ഡി. (ഹൈദ്രാബാദ്) സി. എം. ഡി. ആർ. (ബാംഗ്ളൂർ) ഐ. എം. ജി. തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ പരിശീലന ക്ലാസുകളിലേക്കു ജീവനക്കാരെ തെരഞ്ഞെടുത്ത് അയക്കുന്നതും ഈ വിഭാഗമാണ്. കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ 8 പേർക്കും ഔദ്യോഗികഭാഷ സംബന്ധമായി 48 പേർക്കും പുതുതായി സർവീസിലെത്തുന്നവർക്കുള്ള പരിശീലനത്തിൽ 4 പേർക്കും മററു വിഷയങ്ങളിൽ 5 പേർക്കും ആണ് ഇപ്രകാരം പരിശീലനം നൽകിയത്. 2003-2004 വർഷത്തിൽ വിവിധ തസ്തികയിലുള്ള 65 ജീവനക്കാരെയാണ് മേൽപ്പറഞ്ഞ പരിശീലനങ്ങൾക്കു നിയോഗിച്ചത്.

അവരുടെ തസ്തിക തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ഡെപ്യൂട്ടി ഡയറക്ടർ | .. | 9 |
| അസിസ്ററന്റ് ഡയറക്ടർ | .. | 4 |
| അഡീഷണൽ ഡിസ്ട്രിക്ട് ഓഫീസർ | .. | 1 |
| റിസർച്ച് ഓഫീസർ | .. | 2 |
| സീനിയർ സൂപ്രണ്ട് | .. | 1 |
| എൽ. ഡി. കമ്പയിലർ | .. | 17 |
| യു. ഡി. കമ്പയിലർ | .. | 20 |
| ജൂനിയർ സൂപ്രണ്ട് | .. | 1 |
| ഹെഡ് ക്ലാർക്ക് | .. | 1 |
| റിസർച്ച് അസിസ്ററന്റ് | .. | 7 |
| ടൈപ്പിസ്ററ് | .. | 2 |
| ആകെ | .. | 65 |

കൂടാതെ കാർഷിക സർവ്വേ, നാഷണൽ സാമ്പിൾ സർവ്വെ പ്രൈസ് കളക്ഷൻ, അഡ്ഹോക്ക് സർവ്വേകൾ തുടങ്ങി വകുപ്പ് നടപ്പിലാക്കുന്ന എല്ലാവിധ സർവ്വേകൾക്കും അവയിൽ ഏർപ്പെടുന്ന ആളുകൾക്കായി സംസ്ഥാന തലത്തിൽ പരിശീലകർക്കുള്ള പരിശീലനവും, ജില്ലാതലത്തിലും താലൂക്ക് തലത്തിലും എന്യൂമറേററൻ ക്കുള്ള പരിശീലനവും നൽകി വരുന്നു. ഒരു വർഷം ഏകദേശം 1000 പേർ ഇപ്രകാരമുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്.

2003–2004 വർഷത്തെ പദ്ധതി-പദ്ധതിയേതര ചെലവുകൾ

| ക്രമ നമ്പർ | പ്ലാൻ സ്കീം | 2003-04-ലെ ബഡ്ജററ് പ്രകാരം അനുവദിച്ച തുക | 31-3-2004 വരെ ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 3454-02-111-98 (പി) കാർഷിക സ്ഥിതിവിവര കണക്ക് | 920.00 | 786.92 |
| 2 | 3454-02-112-96 (പി) സർവ്വെയും പഠനവും | 50 | 14.09 |
| 3 | 3454-02-112-97 (പി) ചെറുകിട ജലസേചനങ്ങളെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ | 25 | 10.42 |
| 4 | 3454-02-203-98 (പി) ഡയറക്ടറേററിൽ സംഗണകവിഭാഗം സ്ഥാപിക്കുന്നതിന് | 12 | 4.36 |
| 5 | 3454-02-203-97 (പി) വാഹനങ്ങൾ വാങ്ങുന്നതിനുള്ള പദ്ധതി | 10 | 8.12 |
| 6 | 3454-02-203-96 (പി) സ്ഥിതിവിവര ക്കണക്ക് വകുപ്പിലെ ഉദ്യോഗസ്ഥൻമാർക്ക് പരിശീലനം | 15 | 14.76 |
| 7 | 3454-02-203-95 (പി) ജില്ലകളിലെ കമ്പ്യൂട്ടർ വിഭാഗം ശക്തിപ്പെടുത്തൽ | 8.00 | 0.78 |
| 8 | 2401-00-111-99 (പി) കാർഷിക കാനേഷുമാരി | 70 | 41.23 |
| | ആകെ | 1110.00 | 880.68 |

| ക്രമ നമ്പർ | പദ്ധതി ഇനം | ബഡ്ജററ് പ്രകാരം അനുവദിച്ച തുക | 31-3-2004 വരെ ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 3454-02-111-99 (പി) സംസ്ഥാന വരുമാന സ്ഥിതി വിവരക്കണക്ക് വിഭാഗം | 12.74 | 11.39 |
| 2 | 3454-02-111-97 (എൻ. പി) വിലയിരുത്തൽ ഘടകം | 16.05 | 15.18 |
| 3 | 3454-02-111-93 (എൻ. പി) മുനിസിപ്പാലിററികളിലെ ജനനമരണ സ്ഥിതിവിവരക്കണക്ക് | 47.93 | 37.63 |
| 4 | 3454-02-112-99 (എൻ. പി) ബ്യൂറോ ഓഫ് എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് | 711.66 | 612.51 |
| 5 | 3454-02-112-98 (എൻ. പി) ദേശീയ സാമ്പിൾ സർവ്വേ | 50.17 | 51.86 |
| 6 | 3454-02-112-96 (എൻ. പി) സർവ്വെയും പഠനങ്ങളും | 39.66 | 41.57 |
| 7 | 3454-02-203-99 തദ്ദേശ സ്വയംഭരണ ഗവൺമെൻറ് സ്ഥാപനങ്ങളിൽ സ്ഥിതിവിവരക്കണക്ക് | 69.02 | 53.22 |
| 8 | 2852-80-800-97 വ്യാവസായിക സ്ഥിതി വിവര ഘടകങ്ങൾ | 11.30 | 4.56 |
| 9 | 2402-00-102-90 മണ്ണു സംരക്ഷണ വിലയിരുത്തൽ പരിപാടി | 7.55 | 6.49 |
| 10 | 2216-80-001-97 ഹൗസിംഗ് സ്ററാററിസ്ററിക്കൽ സെൽ | 10.06 | 2.92 |
| | ആകെ | 976.14 | 837.33 |

## 15. ഔദ്യോഗിക ഭാഷാ വിഭാഗം

ഭരണതലത്തിൽ ഔദ്യോഗിക ഭാഷ മലയാളമാക്കുന്നതിനുവേണ്ടി സർക്കാർ തലത്തിൽ എടുത്തിട്ടുള്ള നടപടികൾ നടപ്പിലാക്കുകയും അതിൻെറ പുരോഗതി വിലയിരുത്തുകയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ ചുമതല. ഔദ്യോഗിക ഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സർക്കാരിൻെറ ഭാഗത്തു നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറിൻെറ വിവിധ തലങ്ങളിൽ എത്തിക്കുന്നു. താലൂക്ക് ജില്ലാ സംസ്ഥാന തലങ്ങളിൽ നിന്നും വന്നുകൊണ്ടിരിക്കുന്ന പുരോഗതിയുടെ റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് യഥാസമയം സർക്കാരിന് സമർപ്പിക്കുന്നു. ഭാഷാ മാററം സംബന്ധിച്ച് എടുത്തിട്ടുള്ള നടപടികളും ഇക്കാര്യത്തിൽ വകുപ്പ് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും സംബന്ധിച്ചുള്ള വിവരങ്ങൾ സംസ്ഥാന തലത്തിൽ അവലോകനം നടത്തി റിപ്പോർട്ട് ഗവൺമെൻറിന് യഥാക്രമം സമർപ്പിക്കുന്നു. വകുപ്പിൽ അഡ്മിനിസ്ട്രേററീവ് ഓഫീസറുടെ അദ്ധ്യക്ഷതയിൽ ഒരു പരിഭാഷാസെൽ രൂപീകരിക്കുകയും വകുപ്പിലെ കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ മുതലായവയുടെ പരിഭാഷ ഈ സെല്ലിൻെറ മേൽനോട്ടത്തിൽ ദ്രുതഗതിയിൽ നടപ്പിലാക്കിവരികയും ചെയ്യുന്നു.

## 16. ഏകോപന സമിതി വിഭാഗം

വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഏകോപിപ്പിക്കുകയും ചെയ്യുകയാണ് ഈ വിഭാഗത്തിൻെറ പ്രധാന പ്രവർത്തനം.

മററ് വകുപ്പുകളിലെ സ്ററാററിസ്ററിക്കൽ വിഭാഗ സെല്ലുകളുടെ പ്രവർത്തനം വിലയിരുത്തുകയും അതിന് ഏകോപന സമിതി വിഭാഗത്തിലെ ജോയിൻറ് ഡയറക്ടറുടെ നേതൃത്വത്തിൽ വകുപ്പദ്ധ്യക്ഷൻെറയും അഡീഷണൽ ഡയറക്ടറുടെയും സാന്നിദ്ധ്യത്തിൽ വാർഷിക യോഗങ്ങൾ സംഘടിപ്പിക്കുകയും ഓരോ വിഭാഗത്തിൻെറ പ്രവർത്തനങ്ങളെപ്പററി ചർച്ച നടത്തുകയും, വിലയിരുത്തുകയും ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് ഇത്തരം സെല്ലുകളുടെ പ്രവർത്തനം ശക്തമാക്കുകയും ചെയ്യുന്നു. മററ് വകുപ്പുകളിൽ പ്രവർത്തിക്കുന്ന സ്ററാററിസ്ററിക്കൽ സെല്ലുകൾ നടത്തുന്ന പ്രവർത്തന വിലയിരുത്തൽ യോഗങ്ങളിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങളിൽ ഈ വകുപ്പിൽനിന്നും എടുക്കേണ്ട നടപടികൾക്ക് വേണ്ട ഏകോപനവും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു.

## 17. പ്രസിദ്ധീകരണ വിഭാഗം

ഈ വകുപ്പ് നടത്തുന്ന സർവ്വേകളും പഠനങ്ങളും അവയുടെ റിപ്പോർട്ടുകളും പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുക എന്നതാണ് ഈ വിഭാഗത്തിൻെറ പ്രധാന ചുമതല. സ്ഥിതി വിവരക്കണക്കുകൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുക എന്ന ചുമതലയും ഈ വിഭാഗത്തിൻേറതാണ്.

സർവ്വേ ജോലികൾക്കാവശ്യമായ ഫോറങ്ങൾ അച്ചടിക്കുക അവ ജില്ലകളിൽ എത്തിക്കുക എന്ന ജോലിയും ഈ വിഭാഗത്തിൻെറ ചുമതലയിൽപ്പെടുന്നു. ഈ വിഭാഗത്തിനോടനുബന്ധിച്ചുള്ള പ്രസ്സിൽ ഒരു ഡിജിററൽ റിസോഗ്രാഫ് പ്രിൻറർ, പേപ്പർ കട്ടിംഗ് മെഷീൻ, വയർ സ്ററിച്ചിംഗ് മെഷീൻ, എന്നിവ സ്ഥാപിച്ച് പ്രവർത്തനം സുഗമമായി നടത്തിവരുന്നു. വിവിധ സെക്ഷനുകൾക്ക് ആവശ്യമായ ഫോറങ്ങളും ഉപഭോക്തൃ വിലസൂചിക എന്നിവയും മററു റിപ്പോർട്ടുകളും പ്രസ്സിൽ പ്രിൻറ് ചെയ്യുകയുണ്ടായി. വകുപ്പിൻെറ പ്രസിദ്ധീകരണമായ ഇക്കോസ്ററാററ് ന്യൂസ് ദ്വൈമാസികയായി പ്രസിദ്ധീകരിച്ചു വരുന്നുണ്ട്. കേരളത്തിൻെറ സമകാലിക സാമ്പത്തിക സാമൂഹിക സ്ഥിതിവിവരക്കണക്കിനെ സംബന്ധിക്കുന്ന പ്രസിദ്ധീകരണങ്ങളും ഈ വിഭാഗം പ്രസിദ്ധീകരിക്കുന്നുണ്ട്.

റിപ്പോർട്ടുവർഷത്തിൽ ഈ വിഭാഗം പുറത്തിറക്കിയ പ്രസിദ്ധീകരണങ്ങൾ:

1. സാമ്പിൾ രജിസ്ട്രേഷൻ സർവ്വേ ജനന മരണ റിപ്പോർട്ട് 1999.
2. ഇക്കോസ്ററാററ് ന്യൂസ് വാല്യം 2 ലക്കം—6.
3. ഇക്കോസ്ററാററ് ന്യൂസ് വാല്യം 3 ലക്കം—1.
4. ഇക്കോസ്ററാററ് ന്യൂസ് വാല്യം 3 ലക്കം—2 ആൻറ് 3.
5. ഉപഭോക്തൃ വില സൂചിക 1959 മുതൽ 2002 വരെ.
6. പ്രധാന വിളകളുടെ കൃഷി ചെലവ് സർവ്വേ റിപ്പോർട്ട് 1999-2000.
7. പ്രധാന വിളകളുടെ കൃഷി ചെലവ് സർവ്വേ റിപ്പോർട്ട് 2000-01.
8. മണ്ണു സംരക്ഷണ മൂല്യനിർണ്ണയ പഠന സർവ്വേ 1998-99.
9. വൈററൽ സ്റ്റാററിസ്ററിക്സ് ബുള്ളററിൻ 2000.
10. വൈററൽ സ്റ്റാററിസ്ററിക്സ് ബുള്ളററിൻ 2001.
11. പഞ്ചായത്ത് ലവൽ സ്ററാററിസ്ററിക്സ് പത്തനംതിട്ട ജില്ല 2001.
12. ആമച്ചൽ നീർത്തട പദ്ധതിയുടെ സാമൂഹ്യ സാമ്പത്തിക സർവ്വേ റിപ്പോർട്ട്.
13. നോർക്ക റിപ്പോർട്ട്.
14. സസ്സോററി റിപ്പോർട്ട്.
15. പ്രധാന വിളകളുടെ മേഖല തിരിച്ചുള്ള കാർഷിക കാലാവസ്ഥാ റിപ്പോർട്ട് 2001-02.
16. വ്യാവസായിക ഉല്പാദന സൂചിക റിപ്പോർട്ട് 2001-02.
17. കേരളം ഒററനോട്ടത്തിൽ (പോക്കററ് സൈസ്) കൈ പുസ്തകം—2003.
18. കേരള ഇക്കോണമി 2003.

## 18. ലൈബ്രറി

എക്കണോമിക്സ് ആൻറ് സ്ററാററിസ്ററിക്സ് ഡിപ്പാർട്ടുമെൻറിൻെറ ഒരു പ്രധാന വിഭാഗമാണ് ലൈബ്രറി. അന്തർദേശീയ, ദേശീയ, പ്രാദേശിക തലത്തിലുള്ള സ്ഥിതിവിവരക്കണക്കുകളെ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന 5000-ൽ പരം പുസ്തകങ്ങൾ ലൈബ്രറിയിൽ ഉണ്ട്.

കേന്ദ്ര ഗവൺമെൻറ് സ്ഥാപനമായ സെൻസസ് ഡിപ്പാർട്ട്മെൻറിൻെറ സെൻസസ് പ്രസിദ്ധീകരണങ്ങൾ, കേന്ദ്ര ഗവൺമെൻറിൻെറ വിവിധ വകുപ്പുകളിൽ നിന്നും പ്രസിദ്ധീകരിക്കുന്ന റിപ്പോർട്ടുകൾ, മററ് ഇതര സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സാമ്പത്തിക സ്ഥിതി വിവര വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന പ്രധാനപ്പെട്ട റിപ്പോർട്ടുകൾ എന്നിവ ഈ ലൈബ്രറിയിലെ പുസ്തകശേഖരത്തിൽ ഉൾപ്പെടുന്നു. കൂടാതെ എക്കണോമിക്സ്, സ്ററാററിസ്ററിക്സ്, കമ്പ്യൂട്ടർ സയൻസ് എന്നീ അടിസ്ഥാന വിഷയങ്ങൾ അടങ്ങുന്ന പുസ്തകങ്ങളും ഇവിടെ ഉണ്ട്. ഈ വകുപ്പ് നടത്തുന്ന സർവ്വേകളുടേയും പഠനങ്ങളുടേയും റിപ്പോർട്ടുകളുടെ ശേഖരവും ഇവിടെയുണ്ട്.

വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിന് ആവശ്യമായ അടിസ്ഥാനവിവരങ്ങൾ ആവശ്യാനുസരണം ഇവിടെ നിന്നും നൽകുന്നു. കൂടാതെ ഗവേഷണ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പദ്ധതി ആസൂത്രണം ചെയ്യുന്നവർ, സാമൂഹ്യസേവകർ, സാമൂഹ്യസേവനം നടത്തുന്ന സന്നദ്ധ സംഘടനകൾ എന്നിവർ നിരന്തരം ഇവിടെ വന്ന് ആവശ്യാനുസരണം വിവരങ്ങൾ ശേഖരിക്കുന്നു.

## 19. ഇൻഫർമേഷൻ സെൻറർ

സർക്കാരിൻെറ ഡേററാ സൂക്ഷിക്കുന്നതിൻെറയും വിതരണത്തിൻെറയും ഒരു നോഡൽ ഏജൻസിയായ ഈ വകുപ്പിൽ 5-11-2001-ൽ ഉദ്ഘാടനം ചെയ്ത ഇൻഫർമേഷൻ സെൻററിൻെറ പ്രവർത്തനം ഫലപ്രദമായ രീതിയിൽ നടന്നുവരുന്നു. അനേകം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ആവശ്യമായ സ്ഥിതിവിവരക്കണക്കിനെ സംബന്ധിക്കുന്ന വിവരങ്ങൾ ഇൻഫർമേഷൻ സെൻററിൻെറ സേവനത്തിലൂടെ ലഭ്യമാകുന്നു.

## 20. സംഗണക വിഭാഗം

1990-ൽ 6 കമ്പ്യൂട്ടറുകളുമായി പ്രവർത്തനം ആരംഭിച്ച ഈ ഡിവിഷൻ ഇപ്പോൾ 44 കമ്പ്യൂട്ടറുകളും മററ് അനുബന്ധ ഉപകരണങ്ങളും ഉള്ള ഒരു ഡിവിഷനായി വളർന്നു. കൂടാതെ 14 ജില്ലകളിലും ഈ ഡിവിഷൻെറ സാങ്കേതിക നിയന്ത്രണത്തിൽ ഓരോ കമ്പ്യൂട്ടർ യൂണിററുകളും പ്രവർത്തിക്കുന്നുണ്ട്.

2002-2003 സാമ്പത്തിക വർഷത്തിൽ കമ്പ്യൂട്ടർ ഡിവിഷനിൽ നവീകരണത്തിൻെറ ഭാഗമായി പ്രധാന ഹാൾ പൂർണ്ണമായും ചെറിയ ഹാൾ ഭാഗികമായും നവീകരിച്ചു. എയർ കണ്ടീഷൻ സംവിധാനം കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി സ്പ്ലിററ് എ. സി. സ്ഥാപിച്ചു. എൻ. ഐ. സി.-യുടെ കണക്ഷൻ കിട്ടിയതുമൂലം പ്രൈസ് ഡേററാ നേരിട്ട് കിട്ടുന്നതിൻെറ പ്രയോജനം കിട്ടിത്തുടങ്ങി.

ഡിപ്പാർട്ടുമെൻറിൻെറ കമ്പ്യൂട്ടർ സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും ഒരളവുവരെ പര്യാപ്തമാണ് ഇപ്പോൾ ഈ ഡിവിഷൻ. വിവിധ ഡിവിഷനുകളിൽനിന്നും തരുന്ന സർവേകളുടെ ശേഖരിച്ച വിവരങ്ങൾ പ്രോസസ് ചെയ്ത് ആവശ്യമുള്ള ടേബിളുകൾ തയ്യാറാക്കി ബന്ധപ്പെട്ട ഡിവിഷനിൽ നൽകുന്നു. 2003-2004 വർഷത്തിൽ ഈ ഡിവിഷൻ ഏറെറടുത്ത പ്രധാനപ്പെട്ട ജോലികൾ താഴെ ചേർക്കുന്നു.

മാർക്കററ് ഇൻറലിജൻസിനുവേണ്ടി ദിവസവും എൻ. ഐ. സി. വഴി വിലകൾ ശേഖരിച്ച് ക്രോഡീകരിച്ച് നൽകുന്നു. കൂടാതെ 50 ഇനങ്ങളുടെ പ്രതിദിന വിലനിലവാരവും ശേഖരിച്ച് നൽകുന്നു. കൂടാതെ ഉപഭോക്തൃ വിലസൂചികയും തയ്യാറാക്കി നൽകുന്നു. പ്രൈസ് ബുള്ളററിൻ (മാസിക) പ്രസിദ്ധീകരണത്തിന് തയ്യാറാക്കിവരുന്നു. 2001 ഡിസംബർ വരെയുള്ള പാരിററി ഇൻഡക്സ് റിപ്പോർട്ട് പൂർത്തിയായി.

2000-2001 എന്നീ വർഷങ്ങളിലെ വൈററൽ സ്ററാററി സ്ററിക്സ് റിപ്പോർട്ടിൻെറ ടേബിളുകൾ ബന്ധപ്പെട്ട സെക്ഷനുകളിൽ കൊടുത്തു. എസ്. ആർ. എസ്. 4-ാം റൗണ്ട് പ്രോസസിംഗ് പൂർത്തിയായി ടേബിളുകൾ നൽകി.

നാഷണൽ സാമ്പിൾ സർവ്വേയുടെ 53-ാമത്തെ റൗണ്ട് പ്രോസസിംഗ് കഴിഞ്ഞു. 54-ാമത്തെ റൗണ്ട് പ്രസിദ്ധീകരണത്തിന് തയ്യാറായി. 55-ാമത്തെ റൗണ്ടിൻെറ പ്രോസസിംഗ് പൂർത്തിയാക്കി ടേബിളുകൾ സെക്ഷനിൽ കൊടുത്തു. 56-ാമത്തെ റൗണ്ട് ഡേററാ എൻട്രി ഡയറക്ടറേററിൽ പൂർത്തിയായി പ്രോസസിംഗ് പുരോഗമിക്കുന്നു. 57-ാമത്തെ റൗണ്ട് ഡേററാ എൻട്രി ജില്ലാ ഓഫീസുകളിൽ പൂർത്തിയായി വരുന്നു.

ആറാമത് അഗ്രികൾച്ചറൽ സെൻസസ് 'എച്ച്' ഷെഡ്യൂളുകളുടെ പ്രോസസിംഗ് കഴിഞ്ഞു. ഇൻപുട്ട് സർവ്വെ പ്രോസസിംഗ് കഴിഞ്ഞു ഡേററായും റിസൾട്ടും കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തു.

വാർഷിക വ്യവസായ സർവ്വെയുടെ 2000-2001-ലെ ഡേററാ എൻട്രി പൂർത്തിയായി വാലിഡേഷൻ ചെക്കിംഗ് നടന്നുകൊണ്ടിരിക്കുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം വകുപ്പിൻെറ സ്വന്തം വെബ് സൈററ് ആയ www.ecostarkerala.org നിലവിൽ വന്നു. ഡയറക്ടറേററിലെ ഡെപ്യൂട്ടി ഡയറക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാവർക്കും ഇ-മെയിൽ ലഭ്യമാക്കി. വകുപ്പ് പ്രസിദ്ധീകരിച്ച പ്രധാനപ്പെട്ട എല്ലാ പ്രസിദ്ധീകരണങ്ങളും സൈററിൽ ലഭ്യമാണ്. പൊതുജനങ്ങൾ ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്.

വകുപ്പിൻെറ പ്രസിദ്ധീകരണത്തിന് ആവശ്യമായ ഡി. ടി. പി. ജോലികൾ മുഴുവനും ഈ ഡിവിഷനിൽ തന്നെ ചെയ്യുന്നു. അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു:

1. അഗ്രികൾച്ചറൽ സെൻസസ് ഇൻപുട്ട് സർവ്വെ (നിർദ്ദേശങ്ങൾ)
2. ആഗ്രോക്ലൈമാററിക് സോൺ
3. കോസ്ററ് ഓഫ് കൾട്ടിവേഷൻ-2001-02
4. ഇവാല്യുവേഷൻ സ്ററഡീസ് 1999-2000, 2001-02
5. ഹോൾസെയിൽ പ്രൈസ് ഇൻഡക്സ് നമ്പേഴ്സ് ഓഫ് മാനുഫാക്ചറിംഗ് കമ്മോഡിററീസ്
6. കേരള ഇക്കോണമി 2003

7. ബിൽഡിംഗ് മെററീരിയൽസ് 1995-2000
8. നാഷണൽ സാമ്പിൾ സർവ്വെ 51-ാം റൗണ്ട് 52-ാം റൗണ്ട് 54-ാം റൗണ്ട്
9. ലിസ്ററ് ഓഫ് ഷോപ്സ്
10. പ്രൈസ് ബുള്ളററിൻ-സെപ്തംബർ-2003, ഒക്ടോബർ-2003, നവംബർ-2003, ഡിസംബർ-2003
11. പ്രൈസ് മാനുവൽ
12. സാമ്പിൾ രജിസ്ട്രേഷൻ സർവ്വെ 2000
13. ഗ്രോസ് ഫിക്സഡ് കാപ്പിററൽ ഫോർമേഷൻ
14. ബഡ്ജററ് ക്ലാസിഫിക്കേഷൻ 2003-04.
15. റിപ്പോർട്ട് ഓൺ മെഡിക്കൽ സർട്ടിഫിക്കേഷൻ ഓഫ് കാസസ് ഓഫ് ഡെത്ത്—കേരള 1999.
16. കേരള ത്രൂ പ്ലാൻസ്.
17. വൈററൽ സ്ററാററിസ്ററിക്സ് ബുള്ളററിൻ 2000-2001.
18. എക്കോസ്റററ് ന്യൂസ് (ആഗസ്ററ് ആൻറ് ഡിസംബർ 2003) ഇഷ്യൂ.
19. മന്ത്‌ലി പ്രൈസ് ട്രെൻറ്—മാർച്ച് 2004.
20. ഫാം പ്രൈസ്—മാർച്ച് 2004.
21. കൺസ്യൂമർ പ്രൈസ് ഇൻഡക്സ് നമ്പേഴ്സ്—മാർച്ച് 2004.
22. ഗ്രഡേഷൻ ലിസ്ററ് റിസർച്ച് ഓഫീസേഴ്സ് ആൻറ് എൽ. ഡി. കമ്പയിലേഴ്സ്.

കൂടാതെ ജില്ലകളിലുള്ള സംഗണക വിഭാഗങ്ങളുടെ പ്രവർത്തന പുരോഗതി ഈ വിഭാഗം നോക്കിനടത്തുന്നു.